പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സഭ പാസ്സാക്കിയിരിക്കുന്നു.

2. 2005-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, 2005-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, 2005-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (*ശ്രീ. ഡൊമിനിക് പ്രസന്റേഷൻ*): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. തോമസ് ചാഴികാടൻ]

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഇന്നലെ ഞങ്ങൾ ചർച്ചയിൽ ഉന്നയിച്ച കാര്യങ്ങൾക്കും ഇതിന് മുമ്പ് പല സന്ദർഭങ്ങളിലും ഉന്നയിച്ച കാര്യങ്ങൾക്കുമൊന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വ്യക്തമായ ഉത്തരം കിട്ടിയിട്ടില്ല. ഇവിടെ പല കാര്യങ്ങളിലും പ്രത്യേകിച്ച് ജനങ്ങളുമായി ബന്ധപ്പെട്ട ജനകീയ പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ വളരെ നിഷേധാത്മകമായ നിലപാടാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഇന്നലെ ഇവിടെ ബഹു. ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ ആവർത്തിച്ചുപറഞ്ഞു, ഇനി എല്ലാത്തരം പെൻഷനുകളും കുടിശ്ശികയില്ലാതെ കൃത്യമായി നൽകുമെന്ന്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട 2 കാര്യങ്ങളിൽ; കർഷകത്തൊഴിലാളി പെൻഷന്റെ കാര്യത്തേയും തൊഴിലില്ലായ്മാ വേതനത്തിന്റെ കാര്യത്തേയും സംബന്ധിച്ച് വ്യക്തമായി മറുപടി പറഞ്ഞില്ല. അതിനേക്കാൾ ഗൗരവമായിട്ടുള്ള വിഷയം, ക്ഷേമനിധിബോർഡുമായി ബന്ധപ്പെട്ടുള്ള ഒരു സബ്മിഷന് ഇന്ന് ബഹു. തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ മറുപടിയായി പറഞ്ഞത്, കർഷകത്തൊഴിലാളികൾക്കുള്ള യാതൊരുവിധ ആനുകൂല്യങ്ങളും നൽകാൻ ഈ സർക്കാർ തയ്യാറല്ല എന്നാണ്. എന്നുമാത്രമല്ല ഇവിടെ സുനാമിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഒരുപാട് കാര്യങ്ങൾ ചർച്ചയിൽ വന്നു. ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച ഒരു സബ്മിഷന് മറുപടിയായി

1.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബാങ്കുകൾ ലഭ്യമാക്കുന്ന വായ്പയെ സംബന്ധിച്ച് സർക്കാരിന്റെ നിലപാടിനെപ്പറ്റി പറഞ്ഞു. ഇത് ചൂണ്ടിക്കാണിക്കുന്നത് എന്താണ്? ഇന്നലെ ശ്രീ. വക്കം പുരുഷോത്തമനോട് ചോദിച്ചു, ഈ പെൻഷനൊക്കെ കൊടുക്കുന്ന കൂട്ടത്തിൽ അംഗൻവാടി കുട്ടികൾക്ക് പാൽ വിതരണം ചെയ്ത വകയിൽ 13 കോടി രൂപ കുടിശ്ശികയുണ്ട്, അത് കൊടുക്കുമോയെന്ന്. എന്നാൽ ഗവൺമെന്റ് ചെയ്ത ഏറ്റവും പാതകമായ കാര്യം ആ നല്ല പദ്ധതിയിൽ കുടിശ്ശിക വയ്ക്കുക മാത്രമല്ല ആ പദ്ധതി തന്നെ വേണ്ടെന്നു വയ്ക്കുകയാണ്. അപ്പോൾ അംഗൻവാടി കുട്ടികളോട് സർക്കാരിന്റെ സമീപനം എന്താണെന്ന് നമ്മൾ കാണുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞു എല്ലാ ഫണ്ടും ഇതിൽ ചേർത്തിരിക്കുകയാണെന്ന്. വയനാട് ഉൾപ്പെടെയുള്ള മേഖലകളിൽ കൃഷി നശിച്ചവരെയും ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങളെയും സഹായിക്കുന്നതിനെ നിങ്ങൾ എതിർക്കുകയാണോയെന്ന് അദ്ദേഹം ചോദിച്ചു. ഈ സപ്ലിമെന്ററി ഡിമാന്റിലും ബഹുമാനപ്പെട്ട മിനിസ്റ്റർ ചോദിച്ചു, കശുവണ്ടി തൊഴിലാളികളെ സഹായിച്ചാലും നിങ്ങൾ എതിർക്കുകയാണോയെന്ന്. ഇതൊക്കെ ആൾക്കാരെ കബളിപ്പിക്കാൻവേണ്ടി തെറ്റിദ്ധാരണ പരത്തുന്ന പ്രസ്താവനകളാണ്. മുമ്പ് ഒരു ഉത്തരത്തിൽ പറഞ്ഞത് വയനാട് ഉൾപ്പെടെയുള്ള മേഖലയിലെ കർഷകരെ സഹായിക്കാനും, ആത്മഹത്യ ചെയ്ത കർഷകകുടുംബങ്ങളെ സഹായിക്കാനും, അവരുടെ വായ്പയുമായി ബന്ധപ്പെട്ട കാര്യത്തിൽ പലിശ കാര്യങ്ങളിൽ സഹായിക്കാൻ 136 കോടി രൂപ കേന്ദ്രത്തിൽ നിന്ന് കിട്ടിയിട്ടുണ്ട് എന്നാണ്. പക്ഷേ മുഖ്യമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞത് കൃഷിക്കാരെ സഹായിക്കാൻ സുനാമി ഫണ്ടുപോലും ചെലവഴിക്കേണ്ടി വന്നു എന്നാണ്. ഒരു ഭാഗത്തുനിന്ന് കേന്ദ്രഗവൺമെന്റിൽ നിന്ന് കിട്ടിയെന്ന് പറയുക, അത് വിതരണം ചെയ്തു എന്നുപറയുക, അതേ സമയം സുനാമി ഫണ്ടാണ് ഇതിലേക്കായി വിതരണം ചെയ്തത് എന്നും പറഞ്ഞു. കേന്ദ്രഗവൺമെന്റിൽ നിന്ന് അർഹതപ്പെട്ടത് വാങ്ങാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ലായെന്ന് ഞങ്ങൾ ആരോപണം ഉന്നയിച്ചാൽ നിങ്ങൾക്കത് നിഷേധിക്കാനാകുമോ? ഇവിടെ പറയുന്ന 136 കോടി രൂപ കിട്ടി, അത് വിതരണം ചെയ്തു എന്നൊക്കെ പരസ്പരവിരുദ്ധമായി ഗവൺമെന്റ് ഓരോ സന്ദർഭത്തിലും പറയുന്നത് ജനങ്ങളെ കബളിപ്പിക്കാനും, തെറ്റിദ്ധാരണ പരത്താനുമാണ്. പിന്നെ മിക്കവാറും ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരവുമില്ല. കഴിഞ്ഞ ഒരുവർഷക്കാലം കേരളത്തിന്റെ വരൾച്ചയുടേയും വെള്ളപ്പൊക്കത്തിന്റേയും പ്രകൃതിക്ഷോഭത്തിന്റേയും ഫലമായി കൃഷിക്കാർക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങളെ സംബന്ധിച്ച് ഈ സഭയിൽ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ നൽകിയ മറുപടി, കഴിഞ്ഞ ഒരു വർഷക്കാലത്തെ കാലവർഷക്കെടുതിയുടെയും, വരൾച്ചയുടെയും ഫലമായി ഉണ്ടായിട്ടുള്ള നഷ്ടത്തിന്റെ

കണക്കു ശേഖരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ലായെന്നാണ്. വിവരസാങ്കേതിക വിദ്യയും, മുഖ്യമന്ത്രിയുടെ ഓഫീസിൽ വെബ്സൈറ്റും അതിന് ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ അഭിനന്ദനവും നേടിയ നിങ്ങൾക്ക് ഇത്രയും രൂക്ഷമായ വരൾച്ചയിലും, വെള്ളപ്പൊക്കത്തിലും ഉണ്ടായ നഷ്ടമെത്രയാണെന്ന കണക്ക് ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് ഈ സഭയിൽ ഒരു ചോദ്യത്തിന് റവന്യൂ മിനിസ്റ്റർ ഉത്തരം തന്നിരിക്കുകയാണ്. ഈ കാര്യം കൂടി ഗൗരവമായി ഉന്നയിക്കുകയാണ്. ഇലക്ഷൻ വരുകയല്ലേ? പഞ്ചായത്ത് ഇലക്ഷന് മുൻപ് നിങ്ങൾ പെൻഷൻ കൊടുക്കുമെന്ന് ഒരു പ്രഖ്യാപനം നടത്തിയാൽ പിന്നെ കൊടുക്കേണ്ടല്ലോ? കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കൃഷിക്കാർക്ക് വളരെയധികം ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് കൃഷി വകുപ്പിൽ നിന്ന് ഇറക്കുകയും തെരഞ്ഞെടുപ്പ് കഴിഞ്ഞ് രണ്ട് മാസത്തിനുള്ളിൽ ആ ഉത്തരവ് പിൻവലിക്കുകയും ചെയ്തു. ഇത് ആരെ പറഞ്ഞിക്കാനാണ്? അങ്ങനെ കേരളത്തിലെ ജനങ്ങളെ പറ്റിക്കാൻ സാധിക്കില്ല. നിങ്ങൾ പണമൊക്കെ ചെലവഴിക്കുന്നത് കളർ പോസ്റ്റർ അടിക്കാനും മറ്റുമാണ്. എല്ലാ ദിവസവും ഫുൾ പേജ് പരസ്യമുണ്ടല്ലോ? ഇതിന് എത്ര കോടി രൂപ ചെലവഴിക്കുന്നു! എത്ര ചിത്രങ്ങളാണ് നിങ്ങൾ ദിവസേന അച്ചടിച്ചിറക്കുന്നത്! എല്ലാ പത്രങ്ങളിലും ഫുൾ പേജ് പരസ്യത്തിന് എത്ര കോടി രൂപയാണ് ചെലവാക്കുന്നത്! സർക്കാരിന്റെ ചെറിയ പരിപാടികൾക്കുപോലും പത്രത്തിൽ ഫുൾ പേജ് പരസ്യം, അതുപോലെ ടി.വി.യിൽ പരസ്യം ചെയ്യുന്നു. പി.ആർ.ഡി.-ക്ക് ഇതിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ?. ഏതെങ്കിലും വകുപ്പിന് കൊടുത്തിട്ടുണ്ടോ? ഇങ്ങനെ പരസ്യം നൽകുന്നതിനായി വളരെയധികം പണം ചെലവഴിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ഒരു പോയിന്റ് കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ നിലവിലുള്ള നടപടിക്രമങ്ങൾക്ക് വ്യത്യസ്തമായി ഏതു വർക്ക് ചെയ്യുന്നതിനും എഗ്രിമെന്റോ ടെണ്ടറോ ചെയ്യാതെ, അതിന്റെ നടപടി ക്രമങ്ങൾ പാലിക്കാതെ 'ബഹുദൂരം അതിവേഗം' പരിപാടിയിൽപ്പെടുത്തി ഇപ്പോൾ കൺസൾട്ടൻസിയെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. അവർ എത്ര കോടി രൂപയാണെന്ന് പറഞ്ഞാൽ അതാണ് വർക്ക്. അത് വേഗത്തിൽ ചെയ്താൽ സ്വർണ്ണ മോതിരം കിട്ടും. എഗ്രിമെന്റ് വേണ്ട, ടെണ്ടർ വേണ്ട, ഒരുതരത്തിലുള്ള വ്യവസ്ഥകളും വേണ്ട. ഒരു കൺസൾട്ടൻസിയെ വയ്ക്കുക. ഈ കൺസൾട്ടൻസികൾ ആരാണ്? I.L. & F.S, IDFC, Wilber Smith, Lith Associates, Luis Burcher, IDFC, Tokyo Consultancy. ഇതൊക്കെ ആരാണ്? ഈ കൺസൾട്ടൻസികൾക്ക് കോടിക്കണക്കിന് രൂപയല്ലേ ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുന്നത്? അവരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളുമനുസരിച്ച് നിയമവ്യവസ്ഥകൾക്കെതിരായി നടപടിചട്ടങ്ങൾക്കെതിരായി, ധാരാളം വർക്കുകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. മാത്രമല്ല ഒരു തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

കൂടി എടുത്തതായി ഞങ്ങൾ അറിഞ്ഞു. കോൺഗ്രസ്സ് എം. എൽ. എ. മാരുടെ മണ്ഡലങ്ങളിൽ ഇപ്രകാരം ധാരാളം വർക്കുകളും ഇഷ്ടം പോലെ പണവും അനുവദിച്ചുകൊടുക്കുകയാണ്. അത് ഈ രീതിയിൽ നിലവിലുള്ള നടപടിക്രമത്തിന് വിരുദ്ധമായിട്ടാണ് ചെയ്യുന്നത്. അങ്ങനെ ധൂർത്തും തെറ്റായ നടപടികളും ഈ സംസ്ഥാനത്ത് ഇതിനുമുൻപ് ഒരിക്കലും നടക്കാത്തവിധത്തിൽ കൺസൾട്ടൻസികൾക്ക് അഡ്മിനിസ്ട്രേറ്റീവ് ഭരണ നിർവ്വഹണ കാര്യങ്ങളിൽ അതിരുകടന്ന് ഇടപെടാനുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. അതുകൊണ്ട് സർക്കാർ കൊണ്ടുവന്നിട്ടുള്ള ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, ഈ അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ശ്രീ. കെ. പി. രാജേന്ദ്രന്റെ പ്രസംഗം ചെകുത്താൻ വേദമോതുന്നതുപോലെയാണ്. ഒരു കൺസൾട്ടന്റിനെ കരാറുകാരാക്കി മാറ്റിയ സർക്കാരിൽ പങ്കാളിയായിരുന്ന ശ്രീ. രാജേന്ദ്രൻ ഇപ്പോൾ കൺസൾട്ടൻസിയെക്കുറിച്ചാണ് പരാതി പറയുന്നത്. എന്തിനാണ് കൺസൾട്ടൻസി കൊടുത്തത് എന്നാണ് അവർ ചോദിക്കുന്നത്. ഞങ്ങൾ കൊടുത്തിട്ടുള്ള കൺസൾട്ടൻസിയെല്ലാം കൺസൾട്ടൻസിക്കുവേണ്ടി മാത്രമുള്ള കൺസൾട്ടൻസിയാണ്; അല്ലാതെ കരാറിനുവേണ്ടി സപ്ലയറാക്കി മാറ്റിയിട്ടുള്ളതല്ല. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരണത്തിലും പരസ്യം കൊടുക്കുന്നതിലുമാണ് ഇവിടെ പരാതി. നായനാർ സർക്കാരിന്റെ കാലത്ത് ഈ സഭയിൽ പ്രൊഫ. സാവിത്രി ലക്ഷ്മണൻ സി.ഐ.ടി.യു.-ക്കാരനെക്കൊണ്ട് ഒരു വലിയ പുസ്തകം ചുമന്നുകൊണ്ടു വന്ന് പ്രദർശിപ്പിച്ചതായി ഞാൻ പത്രങ്ങളിലൊക്കെ വായിച്ചിട്ടുണ്ട്. അന്ന് ഞാൻ മെമ്പറല്ല. യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ ഞാൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ചുമതലയേറ്റ് വന്ന സമയത്ത് എന്നോട് അവിടെയുള്ള ഉദ്യോഗസ്ഥർ ചോദിച്ചത്, നായനാർ സർക്കാരിന്റെ കാലത്ത് അച്ചടിച്ച പുസ്തകങ്ങൾ ഗോഡൗണിൽ കെട്ടിക്കിടക്കുകയാണ്, അവ എന്തുചെയ്യണമെന്നാണ്. ഒന്നുകിൽ എ.കെ.ജി. സെന്ററിൽ കൊടുത്തയയ്ക്ക്, സ്വീകരിക്കുന്നില്ലെങ്കിൽ ആക്രിക്കാർക്ക് വിൽക്കുക എന്നാണ് ഞാൻ പറഞ്ഞത്. എത്ര കോടി രൂപയാണ് നിങ്ങളുടെ ഭരണകാലത്ത് പബ്ലിക് റിലേഷൻസ് വകുപ്പ് രാഷ്ട്രീയ പ്രചരണത്തിനായിട്ട് അച്ചടിക്കുവേണ്ടി ചെലവഴിച്ചത്! അത് ഡി.വൈ.എഫ്.ഐ.-ക്കാരും വായിച്ചില്ല; എ.ഐ.വൈ.എഫ്.കാരും വായിച്ചില്ല; അവിടെ കൂട്ടിയിട്ടിരിക്കുകയായിരുന്നു. ഞങ്ങൾ വന്നപ്പോൾ അത് വലിയൊരു പ്രശ്നമായിരുന്നു. സ്ഥലം ഒഴിവാക്കാൻവേണ്ടി ഞങ്ങൾ അതെല്ലാം ആക്രിക്കാർക്ക് വിലയ്ക്ക് വിൽക്കേണ്ടിവന്നു. അങ്ങനെയുള്ള ആളുകളാണ് പബ്ലിക് റിലേഷൻസ് വകുപ്പ് പരസ്യം കൊടുക്കുന്നതിനെക്കുറിച്ച് പറയുന്നത്. നമ്മൾ അനുവദിച്ചുകൊടുക്കുന്ന പണം പാസ്സാക്കിക്കൊടുക്കുമ്പോൾ അത് എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

വിനിയോഗിക്കുന്നു എന്നുള്ളതിനെക്കുറിച്ച് പരിശോധന നടത്താറുണ്ട്. ആ പരിശോധന നടന്നുകൊണ്ടിരിക്കുകയല്ലേ? ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗിച്ചപ്പോൾ എസ്.എൻ.സി. ലാവ്‌ലിനെക്കുറിച്ച് പറഞ്ഞത്, വളരെ ഗൗരവമുള്ള കാര്യമാണത്, ഗൗരവമുള്ള കാര്യമായതുകൊണ്ട് അതിന്റെ റിപ്പോർട്ട് പൂർത്തീകരിക്കട്ടെ എന്നാണ്. അതൊക്കെ സാങ്കേതികമാണ്. അദ്ദേഹം ഗൗരവമുള്ളതെന്നു പറയാൻ കാരണം, 1997 ഫെബ്രുവരി മാസം 2-ന് അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ പോളിറ്റ്ബ്യൂറോ മെമ്പറായിരുന്ന ശ്രീ. ബാലാനന്ദൻ കൊടുത്ത ഒരു റിപ്പോർട്ട് ഉണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് യു.ഡി.എഫ്. സർക്കാർ വന്നപ്പോൾ ശ്രീ. കാർത്തികേയന്റെ കാലത്ത് കൺസൾട്ടൻസിയും ടെണ്ടർ സപ്പോർട്ടും മാത്രം നൽകിയ കരാറിൽ ജപ്പാനിലെ ഹിറ്റാച്ചി കമ്പനിയാണ് അവിടെ 50 വർഷക്കാലമായി തൃപ്തികരമായി പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഇതൊക്കെ മാറ്റുന്നതിന് അവരുടെതന്നെ സേവനം വിനിയോഗിച്ച് നടത്തുകയാണെങ്കിൽ 100 കോടി രൂപയ്ക്കകത്ത്, (100 കോടി രൂപ വരുമോ എന്നറിയില്ല) ചെയ്യാമെന്നാണ്. അങ്ങനെയൊരു റിപ്പോർട്ട് കൊടുത്തു. ദേശാഭിമാനി പത്രത്തിൽ വാർത്ത വന്നതാണ്. അതുപരിഗണിക്കാൻ നിവൃത്തിയില്ലെന്നാണ് പറഞ്ഞത്. എന്താണ് പരിഗണിക്കാൻ നിവൃത്തിയില്ലാത്തത്? മാർക്സിസ്റ്റു പാർട്ടിയുടെ ഒരു പോളിറ്റ്ബ്യൂറോ മെമ്പർ കൊടുത്ത റിപ്പോർട്ടുപോലും എൽ.ഡി.എഫ്. സർക്കാരിന് പരിഗണിക്കാൻ കഴിയാതെ, ആ ഓഫർപോലും സ്വീകരിക്കാതെ അത് ബഹുരാഷ്ട്ര കുത്തക കമ്പനിക്ക് കൊടുത്തു. അതാണ് അദ്ദേഹം പറഞ്ഞത്, ഗൗരവമുള്ള കാര്യമാണെന്ന്. ആഗോളവൽക്കരണത്തെ ചെറുത്തുനിൽക്കുന്ന ജനകീയാസൂത്രണത്തെപ്പറ്റി ശ്രീ. തോമസ് ഐസക് എഴുതിയത് ഞാൻ വായിച്ചു. അതും പറയാം. ഇന്നത്തെ പത്രത്തിൽ ഒരു വാർത്ത വന്നിട്ടുണ്ട്. കേരളത്തിൽ മാത്രമല്ല ഈ സ്ഥിതി. ബംഗാളിൽ സാഗർ ദിഗി, ദുർഗ്ഗാപ്പൂർ തുടങ്ങിയ വൈദ്യുതപദ്ധതികൾക്ക് BHEL നൽകിയ കരാർ മറികടന്ന് ചൈനീസ് കമ്പനിയായ ഡോംഗ്ഫാംഗിന് കരാർ നൽകി എന്നാണ് പറഞ്ഞിരിക്കുന്നത്. ബംഗാൾ സർക്കാർ ചൈനീസ് കമ്പനിക്കു നൽകിയിരിക്കുന്നത് 3208 കോടി രൂപയുടെ കരാറാണ്. BHEL-ന്റെ പത്തു ശതമാനം ഓഹരി വിൽക്കുന്നതിനെക്കുറിച്ചുള്ള ഒച്ചപ്പാട് ഇന്നും അവസാനിച്ചിട്ടില്ല. ഇന്നും അത് വാർത്തയാണ്. 60 കോടി രൂപ BHEL കെട്ടിവച്ചു. പണി കൊടുത്തോ? ഇല്ല. ആർക്കാണ് കൊടുത്തിരിക്കുന്നത്? ചൈനയാണെങ്കിലും, കുത്തക എന്ന വാക്ക് വിട്ടുകളഞ്ഞാലും ബഹുരാഷ്ട്ര കമ്പനിയല്ലേ? അങ്ങനെ ഈ സംസ്ഥാനത്തിന് പണം വിനിയോഗിക്കുന്നതിൽ നിങ്ങളുടെ ഭരണകാലത്ത് കാണിച്ച ക്രമക്കേടുകൾ ഒന്നൊന്നായി പുറത്തുവരുന്നതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണിത്. ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

സി.എ.ജി. റിപ്പോർട്ട് വന്നിട്ടുണ്ട്. അതിനുമുമ്പ് 374 കോടി രൂപ ഈ സംസ്ഥാനത്ത് നഷ്ടമായി എന്ന് പ്രാഥമിക കണ്ടെത്തൽ ഉണ്ട്. അതാണ് ശ്രീ വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത് ഇത് ഗൗരവമുള്ള കാര്യമാണെന്ന്. പണം.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പള്ളിവാസൽ പദ്ധതിയെ സംബന്ധിച്ച് സി.എ.ജി.-യുടെ റിപ്പോർട്ട് ഇതുവരെ പുറത്തുവന്നിട്ടില്ല. കോൺഫിഡൻഷ്യലായിട്ട് അവർ കൊടുത്ത രേഖ ചോർത്തി പത്രങ്ങൾക്ക് കൊടുത്ത് വിവാദങ്ങൾ സംഘടിപ്പിച്ചതാണ്. എന്നാൽ നമുക്ക് തന്ന സി.എ.ജി. റിപ്പോർട്ടിൽ കുറ്റ്യാടി പദ്ധതിയിൽ 204 കോടി രൂപ നഷ്ടപ്പെട്ടു എന്നുപറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് ഒരു വാചകം പറയാതെ വെറും രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി പറയുന്നതല്ലാതെ ഇതിൽ എന്തെങ്കിലും വസ്തുതയുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: സർ, അഴിമതി നടത്തി എന്നുപറഞ്ഞാൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉടൻ പറയുന്നത് ഹസ്സൻ അഴിമതി നടത്തിയില്ലേ എന്നാണ്. അതിനെക്കുറിച്ച് മറുപടി പറയാം. അതും അന്വേഷിക്കാം. ഏതാണ് അന്വേഷിക്കാൻ പറ്റാത്തത്? എല്ലാം അന്വേഷിക്കണം. ബൊഫോഴ്സ് തോക്കിടപാടിൽ അഴിമതി നടന്നു എന്ന് സ്വീഡിഷ് റേഡിയോ പ്രക്ഷേപണം ചെയ്ത ഒരു വാർത്തയുടെ അടിസ്ഥാനത്തിലാണ് ലോക്സഭയിൽ ഈ പ്രശ്നം അവതരിപ്പിച്ചത്. പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുമ്പിൽ ആഡിറ്റ് പാരാ വന്നു. കേരളകൗമുദി പത്രത്തിൽ അതിന്റെ ലേഖകൻ ജോജോ ഒരു സ്റ്റോറി എഴുതി. അതിന്റെ പേരിൽ അടിയന്തിരപ്രമേയം അവതരിപ്പിച്ച ആളല്ലേ അങ്ങയുടെ പ്രതിപക്ഷനേതാവ്? അപ്പോൾ സാങ്കേതികത്വം എന്നു പറയേണ്ട. നിങ്ങൾ ഒരു സാങ്കേതികത്വവും നോക്കേണ്ട. ഇതിനകത്തുള്ള അഴിമതി ജനങ്ങളുടെ മുമ്പിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇത്തവണത്തെ കലാകൗമുദിയിൽ ടി. എൻ. ജയചന്ദ്രൻ എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് ഞാൻ നിങ്ങളോട് പറയേണ്ട കാര്യമില്ല. പലതും നിഷ്പക്ഷമായി എഴുതുന്ന ആളാണ്. ശ്രീ. കെ. പി. രാജേന്ദ്രന് അദ്ദേഹത്തെ അറിയാം. അദ്ദേഹം കലാകൗമുദിയിൽ എഴുതിയതിൽ നിന്നും ഒന്നു-രണ്ടു വാചകം ഞാൻ വായിക്കാം. "സാധാരണ പൗരൻ ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് ഐക്യജനാധിപത്യ മുന്നണിയെ അപേക്ഷിച്ച് കുറേക്കൂടി ജനസ്നേഹവും സത്യസന്ധതയുമൊക്കെ അനുവദിച്ചു നൽകിയിരുന്നു. പക്ഷെ പരാജയപ്പെട്ട അവിശ്വാസപ്രമേയവും അതിനോടനുബന്ധിച്ചുള്ള ചർച്ചകളും കൂടത്തിൽ നിന്ന് പുറത്തുവന്ന എസ്.എൻ.സി. ലാവ്ലിൻ എന്ന ദുർഭൂതവും അത്തരമൊരു പക്ഷപാതം അസ്ഥാനത്താണെന്ന് തെളിയിച്ചിരിക്കുന്നു" എന്നാണ്. ഈ നാട്ടിലെ സാധാരണ ജനങ്ങളുടെ അഭിപ്രായത്തിന്റെ ഒരു പരിച്ഛേദമാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly

അതവിടെ നിൽക്കട്ടെ. നമ്മുടെ സംസ്ഥാനത്ത് നമ്മൾ അനുവദിച്ചുകൊടുത്ത പണം, അതിനെ സംബന്ധിച്ചൊക്കെ കഴിഞ്ഞ ദിവസം പത്രങ്ങളിൽ വാർത്തകൾ വന്നു. പഞ്ചായത്തുകൾക്ക് നൽകിയ 5585 കോടി രൂപയ്ക്ക് കണക്കില്ല. ജനകീയാസൂത്രണവും വൻപരാജയമാണെന്നാണ് സി. എ. ജി. റിപ്പോർട്ട്. പക്ഷെ എനിക്ക് ഈ കാര്യത്തിൽ ഒരു പ്രത്യേക ബന്ധമുണ്ട്. കാരണം, ജനകീയാസൂത്രണം നടക്കുന്ന കാലത്ത് അന്ന് കെ. പി. സി. സി. നിയോഗിച്ചിരുന്ന ഒരു കമ്മിറ്റിയിൽ ഞാനും അംഗമായിരുന്നു. ശ്രീ. പി. കെ. അബ്ദുറബ്ബുമുണ്ടായിരുന്നു. ഞങ്ങൾ എല്ലാ പഞ്ചായത്തുകളിലും പോയി ജനകീയാസൂത്രണത്തിലെ ക്രമക്കേടുകളും രാഷ്ട്രീയ പക്ഷപാതിത്വവും സംബന്ധിച്ച് തെളിവെടുപ്പുനടത്തി. അതിനുശേഷം ഞങ്ങൾ ഒരു റിപ്പോർട്ട് ശ്രീ. പാലൊളി മുഹമ്മദുകുട്ടിക്ക് സമർപ്പിച്ചതാണ്. അദ്ദേഹം അത് ഓംബുഡ്സ്മാന് കൈമാറുമെന്ന് പറഞ്ഞിട്ട് കൈമാറിയിട്ടില്ല. ഞങ്ങൾ പറഞ്ഞ ചില കാര്യങ്ങൾ നൂറു ശതമാനവും ശരിയാണെന്ന് പിന്നീട് മനസ്സിലായി. ശ്രീ. തോമസ് ഐസക് ഉൾപ്പെടെയുള്ള ആളുകൾ പറഞ്ഞത്, രാഷ്ട്രീയപ്രേരിതമാണ്, യു.ഡി.എഫ്. സർക്കാർ ജനകീയാസൂത്രണത്തെ അട്ടിമറിക്കാൻ വന്നിരിക്കുന്നു എന്നാണ്. ഇത് 100%-വും ശരിയാണെന്ന് തെളിയിച്ചിരിക്കുന്നു. സി.എ.ജി.-യുടെ റിപ്പോർട്ടിൽ പറയുന്നത് ഗുണഭോക്തൃ നിർണ്ണയം നടത്താതെ 460 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 13.6 കോടി രൂപ കേരള സംസ്ഥാന ഭവനനിർമ്മാണബോർഡിൽ നിക്ഷേപിച്ചു; 1.24 ലക്ഷം ഗുണഭോക്താക്കളെ നിശ്ചയിച്ചു; ഇവരിൽ 5045 ഗുണഭോക്താക്കൾ ധനസഹായം ലഭിക്കുന്നതിന് അർഹരായിരുന്നില്ല; അനർഹർക്കും പാർട്ടിക്കാർക്കും വീടുള്ളവർക്കും സഹായം നൽകി എന്നാണ്. ഞങ്ങൾ പറഞ്ഞതിനെയാണ് അന്ന് ആക്ഷേപിച്ചത്. ഇവിടെ പറയുന്നു, പത്തനംതിട്ട ജില്ലയിൽ ഒരു കുടുംബത്തിലെ മൂന്നുപേർ ഭവനമൊന്നും നിർമ്മിച്ചില്ലെങ്കിലും സഹായം നേടി എന്ന്. പാലക്കാട് ജില്ലയിൽ എയർകണ്ടീഷൻ ചെയ്ത മുറിയോടുകൂടിയ വാസയോഗ്യമായ വീടിന് ഒരു ഗുണഭോക്താവ് സഹായം നേടിയെടുത്തു. തിരുവനന്തപുരം കോർപ്പറേഷനിൽ പോബ്സ് ഗ്രൂപ്പിന് കാശ് കൊടുത്തു. ശ്രീ. എം. എ. വാഹീദ് അന്ന് പ്രതിപക്ഷനേതാവായിരുന്നു. അദ്ദേഹം കോടതിയിൽ അതിനെ സംബന്ധിച്ച് കേസ് കൊടുത്തതാണ്. അതിനെ സംബന്ധിച്ചും സി.എ.ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. കോർപ്പറേഷൻ 40 ലക്ഷം രൂപ ധനകാര്യ പ്രോൽസാഹനമായി സ്ഥാപനത്തിന് നൽകി. മുടക്കുന്ന മുഴുവൻ തുകയും അനുയോജ്യമായ പലിശയും ലാഭവും ഒന്നിച്ച് തിരിച്ചുപിടിക്കണമെന്ന് വ്യക്തമാക്കി. എന്നാൽ ഈ തുക നൽകിയത് ക്രമവിരുദ്ധമായിട്ടായിരുന്നു. ഇതുസംബന്ധിച്ച് Information Kerala Mission കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയെന്ന ആക്ഷേപം സി.എ.ജി. റിപ്പോർട്ടിൽ ശരിവച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുപോലും Information Kerala Mission-നെപ്പറ്റി പറഞ്ഞു. എന്നാൽ Microsoft-നെ ഇവിടെ പട്ടുംപരവതാനിയും വിരിച്ചുകൊടുത്ത് കൊണ്ടുവന്ന ആളുകളാണ് അവർ. ലോകത്തിലെ ബഹുരാഷ്ട്ര കുത്തക കമ്പനികളിൽ പ്രധാനിയായ മൈക്രോസോഫ്റ്റിന് ഇവിടെ കാലുകുത്താൻ അവസരം കൊടുത്ത Information Kerala Mission പദ്ധതിയിലൂടെ പഞ്ചായത്തുകളിൽ കമ്പ്യൂട്ടറൈസേഷൻ നടത്താൻ കോടിക്കണക്കിന് രൂപ ദുർവിനിയോഗം ചെയ്തുവെന്ന് ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ, ഇവിടെ ജനകീയാസൂത്രണത്തിനെതിരായി ഉയർന്നുവന്ന ആരോപണങ്ങൾ വസ്തുതാപരമാണെന്ന് ഈ സി.എ.ജി. റിപ്പോർട്ടിലൂടെ തെളിഞ്ഞിരിക്കുന്നു. അത് ശരിവയ്ക്കുന്നതാണ് ഈ റിപ്പോർട്ട്.

ഡോ. തോമസ് ഐസക്: .....(ബഹളം).....

ശ്രീ. എം. എം. ഹസ്സൻ: അങ്ങയുടെ പുസ്തകം ഞാൻ വായിച്ചു. അങ്ങയുടെ പുസ്തകത്തിൽ അങ്ങ് ആദ്യംതന്നെ പറഞ്ഞിരിക്കുന്നതെന്താണ്? പ്രൊഫ. എം. എൻ. വിജയനെപ്പറ്റി അങ്ങ് ഉദ്ധരിച്ചിരിക്കുന്നത് "ഈ വിവാദം ഏറെ കെട്ടടങ്ങിയെങ്കിലും എം.എൻ. വിജയൻ പ്രതിഭാസത്തെ വിശദമായി പഠിക്കേണ്ടിയിരിക്കുന്നു." എന്നാണ്. അത് അങ്ങ് പഠിച്ചോളൂ, ഞങ്ങൾക്ക് വിരോധമില്ല. "ദാർശനികമായ മാർക്സിസം ലെനിനിസത്തിൽ നിന്നും ഏറെ അകലെ നിൽക്കുന്ന പ്രൊഫ. എം. എൻ. വിജയന് എങ്ങനെയാണ് മാർക്സിസ്റ്റ് ആചാര്യപദവി ലഭിച്ചത് എന്നത് ഒരു പ്രഹേളികയാണ്". രണ്ടും നിങ്ങൾ തന്നെയാണ് ചോദിച്ചത്. ആചാര്യപദവി കൊടുത്തതും നിങ്ങൾ തന്നെയാണ് അതൊരു പ്രഹേളികയാണെന്നു പറയുന്നതും നിങ്ങളാണ്. ഞങ്ങളാരും അദ്ദേഹത്തെ ആചാര്യനെന്നൊന്നും വിളിച്ചിട്ടില്ല. പക്ഷേ ആ പറയുന്ന നിങ്ങൾ ഇവിടെ ഉദ്ധരിച്ചിട്ടുണ്ട്, ഇ. എം. എസ്.ന്റെ കാഴ്ചപ്പാടിനെക്കുറിച്ചുപറയുന്ന കൂട്ടത്തിൽ നിങ്ങൾ പ്രൊഫ. എം. എൻ. വിജയന്റെ വാക്കുകൾ ഉദ്ധരിച്ചിട്ടുണ്ട്. ഈ പറഞ്ഞ ആഡിറ്റുണ്ടല്ലോ, അതിന് നിങ്ങളെ രക്ഷിക്കാൻ പ്രൊഫ. എം. എൻ. വിജയൻ തന്നെവേണം. പ്രൊഫ. എം. എൻ. വിജയന്റെ വാക്കുകൾ ഞാനിവിടെ ഉദ്ധരിക്കട്ടെ, അവസാനം അദ്ദേഹം പറയുന്നത് "കണക്കുകൾ ഇതാണ്, ജനങ്ങളുടെ ഇച്ഛകളും അതുപോലെ സാധ്യതകളും ഏറ്റുമുട്ടുന്ന ഒരു ബിന്ദുവുണ്ട് എന്നും ഇതിലൂടെയാണ് സാക്ഷാത്ക്കാരമുണ്ടാകുന്നതെന്നും ജനകീയാസൂത്രണത്തിൽ, ഇതിന്റെ അവകാശികളായി പലരും എത്തിയെങ്കിലും ജനകീയാസൂത്രണമെന്നത് ആഡിറ്റ് റിപ്പോർട്ടല്ല, വൗച്ചറുകളുടെ എണ്ണവുമല്ല, ഇത് സാമാന്യജനതയുടെ ഇച്ഛയുടെ റിപ്പോർട്ടുകളാണ് എന്ന്. ഇതിന് വ്യക്തമായ കണക്കുകളുണ്ടായില്ലെന്നു വരാം.

LIBRARY ARCHIVES Kerala Legislative Assembly

കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നവർ എപ്പോഴും സ്വന്തം കാര്യം മാത്രം നോക്കുന്നവരും സമൂഹത്തെ പരിഗണിക്കാത്തവരുമാണ്. ജനകീയാസൂത്രണം ഒരു ആഗ്രഹവാഹിനിയാണ്, അത് വിജയിക്കുകയോ പരാജയപ്പെടുകയോ ചെയ്യാം— അത് മറ്റൊരു കാര്യം". താങ്കൾ വളരെ സൗകര്യപൂർവ്വം പ്രൊഫ. എം. എൻ. വിജയന് ആദ്യം അദ്ദേഹത്തിന് ആചാര്യപദവി നൽകി. അത് പ്രഹേളികയാണെന്ന് പറയുകയും ആ ആചാര്യന്റെ വാക്കുകൾ കടമെടുത്തുകൊണ്ട് അങ്ങയുടെ വാദഗതികൾ ബലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുമ്പോൾ അതൊരു വിപ്ലവത്തിന്റെ ഭാഗമാണെന്നാണ് പറഞ്ഞത്. ജനകീയാസൂത്രണം ഒരു വിപ്ലവത്തിന്റെ ഭാഗമായി നിങ്ങൾ അവതരിപ്പിക്കുന്നു, കൊള്ളാം. എന്തു വിപ്ലവമാണ് ഇവിടെ നടന്നത്? ഈ വിപ്ലവത്തിന്റെ ഫലമായി കേരളത്തിന് നഷ്ടപ്പെട്ട കോടികൾ എത്രയാണ്? 5000 കോടി രൂപയുടെ കണക്കുകളില്ലെന്നു പറഞ്ഞു. എ. ജി.തന്നെ കണ്ടെത്തിയത് എത്രയാണ്? തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയ 44 കോടി രൂപയ്ക്കും കണക്കില്ല. വൈദ്യുതി ബോർഡിന്, മറ്റുള്ള സ്ഥാപനങ്ങൾക്ക് നൽകിയ തുകയ്ക്കൊന്നിനും കണക്കില്ല. അന്ന് ഞങ്ങൾ പറഞ്ഞപ്പോൾ ഞങ്ങളെ എന്തുമാത്രം പുച്ഛിച്ചു. ഞങ്ങൾ പറഞ്ഞത് വായിക്കണോ? യു.ഡി.എഫ്.ന്റെ ശുപാർശകൾ ഞങ്ങൾ അച്ചടിച്ചിറക്കി. എ. ജി. പറഞ്ഞതും ഞങ്ങൾ പറഞ്ഞതും തമ്മിൽ ഒന്ന് താരതമ്യം ചെയ്യാൻ. ഒരു സാമ്പിൾ, കാരണം അവിടെ ശ്രീ. സി. കെ. നാണു, ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. എ. സി. ഷൺമുഖദാസ് ഇവരെല്ലാമുള്ള ഒരു പ്രതിപക്ഷനിരയാണല്ലോ ഇരിക്കുന്നത്. "ദുർബ്ബല വിഭാഗങ്ങൾക്ക് സഹായം നൽകുന്ന പദ്ധതികളെ മാർക്സിസ്റ്റുകാർ പൂർണ്ണമായും രാഷ്ട്രീയവൽക്കരിച്ചതുമൂലം അനർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുകയും വ്യാപകമായ തോതിൽ അഴിമതി കടന്നുകൂടുകയും ചെയ്യുന്നു. കൃഷിസ്ഥലമില്ലാത്തവർക്ക് കൃഷിയാവശ്യത്തിനായി ധനസഹായം, വീടുള്ളവർക്ക് ഭവനനിർമ്മാണ സഹായം, കന്നുകാലികൾ ഇല്ലാത്തവർക്ക് തൊഴുത്തുനിർമ്മിക്കാൻ സഹായം എന്നിവ ഇതിനുദാഹരണങ്ങളാണ്. അതിനുപുറമെ അവിവാഹിതർക്കും പുരുഷന്മാർക്കും വിധവാപെൻഷൻ, ഒരേ വീട്ടിലുള്ള എല്ലാവർക്കും ധനസഹായം, ഓടിട്ട വീടുകൾക്ക് ഓലമേയാൻ സഹായം, ഉദ്യോഗസ്ഥരുള്ള കുടുംബങ്ങൾക്ക് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കുള്ള ധനസഹായം തുടങ്ങി പദ്ധതി വിഹിതമായ ധനസഹായം മുഴുവൻ സ്വന്തം പാർട്ടിക്കാർക്കും സഹയാത്രികർക്കും വീതിച്ചുകൊടുത്ത ആളുകളാണ് നിങ്ങൾ". ആ നിങ്ങളാണ് ഇവിടെവന്ന് സുനാമിഫണ്ട് എവിടെയെന്നുചോദിക്കുന്നത്. അത് വകമാറ്റി ചെലവാക്കിയ കാര്യങ്ങളാണ് ഇവിടെ പറയുന്നത്. അതുമാത്രമാണോ? സ്വന്തം പാർട്ടിയുടെ പോഷകസംഘടനകൾ മാത്രമുള്ള സജീവപ്രവർത്തകർക്കും സഹയാത്രികർക്കും സാമ്പത്തിക ഭൗതിക നേട്ടങ്ങളുണ്ടാക്കാനുള്ള എളുപ്പവഴിയായി മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സി. പി. എം.-ന് പുതിയ വികസന സംസ്കാരത്തെ കാണാൻ കഴിയുന്നത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി കഴിഞ്ഞ മൂന്നുവർഷക്കാലത്തെ ജനകീയാസൂത്രണ പരിപാടികളുടെ ബാക്കിപത്രമായി അഴിമതിയും പാർട്ടി പക്ഷപാതിത്വവും ഗ്രാമതലങ്ങളിൽവരെ എത്തിച്ചുവെന്നും വിഭാഗീയ ചിന്താഗതി വളർത്തി എന്നും ഇതിനുദാഹരണമായി ഞങ്ങൾ ചൂണ്ടിക്കാണിച്ചു. നമ്മുടെ പ്രിയപ്പെട്ട കെ. പി. രാജേന്ദ്രൻ ഇടതുപക്ഷമുന്നണിയുടെ പ്രമുഖനായ നേതാവാണ്. അദ്ദേഹത്തിന്റെ ജില്ലയല്ല, ശ്രീ. ബിനോയ് വിശ്വത്തിന്റെ ജില്ലയിലെ നടുവണ്ണൂർ പഞ്ചായത്തിൽ ജനകീയാസൂത്രണത്തിന്റെ നേട്ടമായി ഒരു ബോർഡ് ഞങ്ങൾ പോയപ്പോൾ തൂങ്ങിയിരുന്നു. എന്തായിരുന്നു അത്? "ആടുംകൂടും പ്രസിഡന്റിന്, ആട്ടുംതുപ്പും സി.പി.ഐ.ക്ക്, ആട്ടിൻ കാഷ്ഠം നാട്ടാർക്ക്". ജനകീയാസൂത്രണത്തിന്റെ ഫലമായി സി.പി.ഐ.ക്ക് കിട്ടിയത് ആട്ടും തുപ്പും. ഡി.വൈ.എഫ്.ഐ. ക്കാർക്ക് കിട്ടിയത് കോഴിബിരിയാണി. അതിന്റെ ഫലമായിട്ടാണ് 5585 കോടി രൂപ, ഈ സംസ്ഥാനത്തെ പദ്ധതി വിഹിതത്തിന്റെ 35-40% വിനിയോഗിച്ചതിന് കണക്കില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, അന്നത്തെ മന്ത്രിസഭയിലെ ഒരു ബഹുമാനപ്പെട്ട മന്ത്രിക്ക്, അദ്ദേഹം ഇപ്പോഴും നമ്മുടെ സഭയിലെ അംഗമാണ്, കൊല്ലത്ത് ഒരു ഹോട്ടലിൽ വന്ന് ആഹാരം കഴിക്കാൻ കിട്ടിയപ്പോൾ ആടിന്റെ കാതിലെ കടുക്കൻ ഇറച്ചിക്കറിയിൽ കിട്ടിയെന്നുള്ളവിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എം. എം. ഹസ്സൻ: അതെ. എനിക്ക് ഏറ്റവും വിചിത്രമായ ഒരു കാര്യം, ഞങ്ങൾ കണ്ടുപിടിക്കാത്ത ഒരു കാര്യമുണ്ടായിരുന്നു. ഞങ്ങൾ കണ്ണിൽ എണ്ണയുമൊഴിച്ച് ഈ ജനകീയാസൂത്രണത്തിന്റെ കാണാപ്പുറങ്ങളല്ല തേടിയത്, അതിൽ ഞങ്ങളുടെ കണ്ണിൽപ്പെടുന്ന, കാണാപ്പുറം തേടി പോയത് പ്രൊഫ. എം. എൻ. വിജയനും സുധിയുമൊക്കെയാണ്. ജനകീയാസൂത്രണത്തിന്റെ സി. ഐ. എ. പദ്ധതി, കണ്ടില്ലേ എ.ഡി.ബി.ക്കുള്ള നിലമുറിക്കൽ, ഇതൊന്നും ഞങ്ങൾ സ്വപ്നത്തിൽപ്പോലും ചിന്തിച്ചിട്ടില്ല ഡോ. തോമസ് ഐസക്. അങ്ങ് ഒരു ചാരനാണെന്നോ വിദേശ ഏജന്റാണെന്നോ ഒന്നും പറയാനുള്ള തൊലിക്കട്ടി ഞങ്ങൾക്കില്ല. ഞാൻ ഇപ്പോഴും പറയില്ല, അങ്ങയെ അങ്ങനെ വിളിക്കുന്നത് ഞങ്ങളുടെ സ്വഭാവമല്ല. വിദേശസഹായം സ്വീകരിച്ചുവെന്ന് സർക്കാർ രേഖ, മാതൃഭൂമി പത്രമാണ് 10 കോടി രൂപ സ്വീകരിച്ചതിനെക്കുറിച്ച് പറഞ്ഞത്. പണ്ട് ഞങ്ങളെക്കുറിച്ച് ഇവിടെ എപ്പോഴും വിമോചന സമരത്തിന്റെ ദുർഭഗ സന്തതികളെന്ന് പറയുമായിരുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിക്കും

നിങ്ങൾ ആ പുസ്തകം വായിച്ചില്ലേ, ശ്രീ. വയലാർ രവി കോടികൾ വാങ്ങിയില്ലേ എന്ന്. ഒരു സി. ഐ. എ. ഉണ്ടല്ലോ, അതിനെക്കുറിച്ച് ഇപ്പോൾ പ്രൊഫ. എം. എൻ. വിജയനെപ്പോലുള്ളവർ പറയുന്നതെന്താണ്? നിങ്ങൾ വിദേശപണം പറ്റിയവരാണ്, ജനകീയാസൂത്രണം വിദേശ പദ്ധതിയാണ് എന്നാണ്. ഇതിൽ അഴിമതി നടന്നുവെന്ന് സി. എ. ജി. പറഞ്ഞു. മാക്സിസ്റ്റ് ആചാര്യന്മാർ പറയുന്നത് ഇതൊരു വിദേശ ഗൂഢാലോചനയുടെ ഭാഗമായി ആഗോളവൽക്കരണത്തിന്റെ ഭാഗമായി കൊണ്ടുവന്ന പദ്ധതിയാണെന്നാണ്. ഞങ്ങൾ ഏതു വിശ്വസിക്കും ഡോ. തോമസ് ഐസക്?

ഡോ. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട എം. എം. ഹസ്സൻ സി.എ.ജി. റിപ്പോർട്ട് ഇവിടെ ഉദ്ധരിക്കുകയുണ്ടായി. സി.എ.ജി. റിപ്പോർട്ടിൽ 10% ചില പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും സാമ്പിളായി എടുത്തുനടത്തിയ നിരീക്ഷണങ്ങളും പരിശോധനയിൽ കണ്ട കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട എം. എം. ഹസ്സനോട് എനിക്ക് ചോദിക്കാനുള്ളത് നമ്മുടെ ഈ പഞ്ചായത്തിൽ ഏതു പാർട്ടിയാണ്, യു.ഡി.എഫ്. ആണോ എൽ. ഡി. എഫ്. ആണോ ഭരിച്ചിരുന്നതെന്ന് അറിയാമല്ലോ, അതിന്റെ അടിസ്ഥാനത്തിൽ ആ പഞ്ചായത്തുകളിലെ അഴിമതികളെ താരതമ്യപ്പെടുത്താൻ എവിടെയെങ്കിലുമൊന്ന് ഒരുമിച്ചിരിക്കാമോ?

ശ്രീ. എം. എം. ഹസ്സൻ: ഇരിക്കാം. നമ്മളൊരിക്കൽ ഒരുമിച്ചിരുന്നതാണ്. ഏതോ ഒരു ചാനലുകാരുടെ ചർച്ചയ്ക്ക് നമ്മൾ മുഖാമുഖം ഇരുന്നതാണ്. അങ്ങ് പ്ലാനിംഗ് ബോർഡ് മെമ്പറായിരുന്നപ്പോൾ ഈ ചോദ്യം എന്നോട് ചോദിച്ചതാണ്. അന്നുപറഞ്ഞു, നിങ്ങളാണ് അധികാരത്തിൽ, അന്ന് ഞങ്ങളോട് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എന്താണ് പറഞ്ഞതെന്നറിയാമോ? പരാതികൾ കൊണ്ടുതരൂ ഞങ്ങൾ ഓംബുഡ്സ്മാനെക്കൊണ്ട് നടപടി എടുപ്പിക്കാമെന്നാണ്. ഞങ്ങളുടെ പഞ്ചായത്താണ് ചെയ്യുന്നതെന്ന് സാങ്കല്പികമായി സമ്മതിച്ചാൽ, ഏതെങ്കിലുമൊരു പഞ്ചായത്തിനെതിരെ നിങ്ങൾ നടപടിയെടുത്തോ?

ടി. കെ. ബാലൻ മരിച്ചുപോയി. അദ്ദേഹവും ഞാനും ശ്രീ. കെ. പി. രാജേന്ദ്രനും, ശ്രീ. എം. മുരളി ചെയർമാനായിട്ടുള്ള Local Fund Audit കമ്മിറ്റിയിലെ അംഗങ്ങളാണ്. എന്തൊക്കെയാണ് ഓരോ പഞ്ചായത്തുകളിലും നടക്കുന്നത്! നിങ്ങളാണ് അതിന് പ്രോൽസാഹനം കൊടുത്തത്. നിങ്ങളാണ് അതിനെ രാഷ്ട്രീയവൽക്കരിച്ചത്. സ്വജനപക്ഷപാതമുണ്ടാക്കിയത് നിങ്ങളാണ്. നിങ്ങളാണ് അതിന്റെ ബുദ്ധിശക്തി. ഞങ്ങൾ കാണാത്തതുകൂടി നിങ്ങളുടെ സഹയാത്രികർ കണ്ടു. പാഠം പഠിപ്പിക്കാൻ ഒരു പാഠവും കൂട്ടരും ഇറങ്ങിയിരിക്കുകയാണ്. അവർ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് ഞങ്ങൾ കാണാത്തതിനപ്പുറം നിങ്ങൾ എത്തി എന്നാണ്. ഇവിടെ പാസ്സാക്കുന്ന പണത്തെക്കുറിച്ച് ശ്രീ. കെ.പി. രാജേന്ദ്രൻ വേവലാതിപ്പെടേണ്ട കാര്യമില്ല. അതൊന്നും വകമാറ്റി ചെലവാക്കാൻ പറ്റുന്നതല്ല. സുനാമി ഫണ്ടിന്റെ കാര്യം പറഞ്ഞു. അങ്ങനെയൊരു ഫണ്ട് ഇല്ലല്ലോ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി മാത്രമല്ലേയുള്ളൂ. പിന്നെ എന്തിനാണ് നിങ്ങൾ സുനാമി ഫണ്ടെന്നു പറയുന്നത്? ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നതു നിങ്ങളാണ്. രാജ്യത്തിന്റെ പല ഭാഗത്തുനിന്നും സുനാമി ദുരിതാശ്വാസത്തിനു പണം അയച്ചുകൊടുത്തിട്ടുണ്ട്. അതു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കാണ് അയച്ചുകൊടുത്തത്. സുനാമി ഫണ്ട് വകമാറ്റി ചെലവാക്കി. ആര്? ഇതു പറയുമ്പോൾ ലോകത്തുള്ള മലയാളികൾ ധരിക്കുന്നതെന്താണ്? ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ നിങ്ങളാണ് ശ്രമിക്കുന്നത്, ഞങ്ങളല്ല. നമ്മുടെ ഖജനാവിലെ പണം, പാർട്ടി വളർത്താൻ, അവിഹിതമായി, അനർഹമായി നിങ്ങൾ കൊടുത്തതാണ് തെറ്റ്. ഇവിടെ നിങ്ങൾ ചൂണ്ടിക്കാണിച്ച മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ പണം, രോഗം വന്ന് മരിക്കാൻ പോകുന്ന, കഷ്ടപ്പെടുന്ന ആളുകൾക്ക് വൈദ്യസഹായത്തിനുവേണ്ടി സഹായം കൊടുക്കുന്നതാണോ തെറ്റ്? അതല്ലെങ്കിൽ സുനാമി ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് കുറെക്കൂടി ഫ്ളക്സിബിലിറ്റി, സ്വാതന്ത്ര്യമുള്ള ഫണ്ടെന്നുള്ള നിലയിൽ ഗവൺമെന്റ് നടപടിക്രമങ്ങൾ പാലിച്ച് നടത്താൻ ശ്രമിച്ചതാണോ തെറ്റ്? അപ്പോൾ നിങ്ങൾ നടപടിക്രമങ്ങളുടെ കഴുത്തിലാണ് പിടിക്കുന്നതെങ്കിൽ, നടപടിക്രമങ്ങളെക്കുറിച്ച് സി.ആന്റ് എ.ജി. പറഞ്ഞതിന് നിങ്ങൾക്കു മറുപടിയുണ്ടോ? കേരളത്തിന്റെ വികസനകാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കുമെന്ന് ധനകാര്യമന്ത്രി ഇന്നലെ പറഞ്ഞതിനെപ്പോലും ശ്രീ. കെ. പി. രാജേന്ദ്രൻ ഇന്നുമാറ്റിപ്പറഞ്ഞു. അദ്ദേഹം എന്താണ് പറഞ്ഞത്? എല്ലാ പെൻഷനും കൊടുക്കുമെന്നാണ് പറഞ്ഞത്. കർഷകത്തൊഴിലാളികളെ മാറ്റി നിർത്തി അല്ലല്ലോ പറഞ്ഞത്. കർഷകത്തൊഴിലാളികളുടെ ആചാര്യന്മാരായി നിങ്ങൾ മാറണ്ട. ഞങ്ങൾകൂടിയുണ്ടായിരുന്ന കാലത്താണ് ഈ നിയമം കൊണ്ടുവന്നത്. ശ്രീ. വക്കം പുരുഷോത്തമൻ അന്നു മന്ത്രിസഭയിൽ ഉണ്ടായിരുന്നു. ശ്രീ. ആര്യാടൻ മുഹമ്മദാണ് കർഷകത്തൊഴിലാളി നിയമം കൊണ്ടുവന്നത്. അതൊന്നും നിങ്ങൾ മറക്കണ്ട. ഞങ്ങൾ ഇടതുമുന്നണിയിലായിരുന്നു എന്നുള്ളത് ശരിയാണ്. പക്ഷേ അതു നിങ്ങൾക്കു മാത്രം പിതൃത്വം ഉള്ളതല്ല. അതുകൊണ്ട് ശ്രീ. കെ. പി. രാജേന്ദ്രനും കൂട്ടരും അങ്ങനെ ഞങ്ങളെ കളിയാക്കണ്ട. അംഗനവാടിയിലെ ആയമാർക്കു 30 രൂപ കൂടി കൊടുക്കുമെന്നു പ്രഖ്യാപിച്ച ധനകാര്യമന്ത്രിയുടെ മുഖത്തു നോക്കിയാണ് നിങ്ങൾ പറഞ്ഞത്, ഈ ധനകാര്യമന്ത്രി സാധാരണക്കാരെ അകറ്റി നിർത്തുന്നു എന്ന്. ഈ ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടി തന്നെയാണ് മുന്നോട്ടു പോകുന്നത്. ഇത്തരം കാര്യങ്ങളിൽ വമ്പിച്ച മാറ്റം വരുത്താൻ തന്നെയാണ് പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ചെലവാക്കുന്ന പണം സാധാരണക്കാർക്ക് എത്തിക്കുന്നതിൽ, അത് എങ്ങനെ വിനിയോഗിക്കണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റിനു നിർബന്ധം ഉണ്ട്. നിങ്ങളാണ് വികസനത്തിന്റെ വഴിമുടക്കികൾ. വികസനത്തിന്റെ ശത്രുക്കൾ നിങ്ങളാണ്. സി.പി.ഐ.ക്കാരെ സംബന്ധിച്ചിടത്തോളം, അവർക്ക് സി.പി.എം.കാർ എടുക്കുന്ന നിലപാടുകളിൽക്കൂടി പോകുകയല്ലാതെ മറ്റു ഗത്യന്തരമില്ല. അതുകൊണ്ട് നിങ്ങൾ അപ്രസക്തരായിത്തീരാതിരിക്കാൻ, ശ്രീ. കെ. പി. രാജേന്ദ്രൻ കുറച്ചുകൂടി ശക്തിയായി ഇതുപോലുള്ള കാര്യങ്ങൾ പറയണം. അല്ലെങ്കിൽ മാർക്സിസ്റ്റുകാർ നിങ്ങളെ ചവിട്ടിത്താഴ്ത്തിക്കളയും. അതാണ് അവരുടെ സ്വഭാവം. അവരുടെ മുമ്പിൽ ഒരു വ്യക്തിത്വം പ്രകടിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ അവർ ചവിട്ടിത്താഴ്ത്തും. ഞങ്ങൾ അനുഭവസ്ഥരാണ്. അതുകൊണ്ട് നിങ്ങൾ ഈ ഗവൺമെന്റിന്റെ സൽപ്രവൃത്തികളെ പിൻതാങ്ങാൻ തയ്യാറാകണമെന്നു പറഞ്ഞുകൊണ്ട്, ചിട്ടയായ, അച്ചടക്കമുള്ള ഒരു ഫിനാൻഷ്യൽ മാനേജ്മെന്റ് ഉണ്ടാക്കാൻ ശ്രീ. വക്കം പുരുഷോത്തമൻ നടത്തുന്ന ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹത്തെക്കുറിച്ച് പലർക്കും പരാതിയുണ്ട്. അദ്ദേഹം വളരെ ഡിസിപ്ലിന്റായി കാര്യങ്ങൾ കൊണ്ടുപോകാൻ ശ്രമിക്കുന്നു എന്നുള്ളതുകൊണ്ടാണ് പരാതിവരുന്നത്. പക്ഷേ, ഈ സംസ്ഥാനത്തിന്റെ പൊതുവായ താൽപ്പര്യങ്ങൾ പരിരക്ഷിച്ചുകൊണ്ട്, രാജ്യത്തെ പാവപ്പെട്ട, സാധാരണക്കാരോടു പ്രതിബദ്ധത പുലർത്തുക എന്നുള്ളതു ശ്രീ. വക്കം പുരുഷോത്തമന്റെ ചുമതലയാണ്. അദ്ദേഹം കോൺഗ്രസ്സ് പാർട്ടിയുടെ നേതാവാണ്. അതിൽനിന്നും അദ്ദേഹം പിൻവാങ്ങുകയില്ലെന്നുള്ളതുകൊണ്ട്, അദ്ദേഹത്തിന്റെ ഈ ശ്രമങ്ങളെ പിൻതാങ്ങിക്കൊണ്ട് ഈ ബില്ലിനെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങളുടെ കോൺഗ്രസ്സ് പാർട്ടിയുടെ യോഗം ഇന്നലെ ചേർന്നപ്പോൾ "എ" ക്കാരുടെ മണ്ഡലത്തിൽ മാത്രമേ വർക്ക് കൊടുക്കാൻ പാടുള്ളൂ എന്ന് ശ്രീ. വക്കം പുരുഷോത്തമന് ശ്രീ. എം. എം. ഹസ്സൻ നിർദ്ദേശം കൊടുത്തതായി പത്രത്തിൽ വാർത്ത കണ്ടു. അതു ശരിയാണോ?

ശ്രീ. എം. എം. ഹസ്സൻ: അതു ശരിയല്ല. ഞങ്ങളുടെ കോൺഗ്രസ്സ് പാർലമെന്ററി പാർട്ടി യോഗത്തിൽ ശ്രീ. വക്കം പുരുഷോത്തമനെ ഭൂരിപക്ഷം മെമ്പർമാരും അഭിനന്ദിച്ചുകൊണ്ടാണ് സംസാരിച്ചത്. "എ"ക്കാർ എന്നു പറയുന്ന ഒരു വിഭാഗമില്ല. ഇപ്പോൾ ഞങ്ങളെല്ലാവരും ഒറ്റക്കെട്ടാണ്. "ഐ"ക്കാർ മാത്രമാണ് ഞങ്ങൾ.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: കോൺഗ്രസ്സ് പാർലമെന്ററി പാർട്ടി യോഗത്തിൽ ആൾക്കാർ അഭിപ്രായം പറഞ്ഞപ്പോൾ, സി.പി.എം.-ൽ രണ്ടു ഗ്രൂപ്പുകൾ ഉണ്ട്, ശ്രീ. പിണറായി വിജയന്റെയും ശ്രീ. വി.എസ്. അച്ചുതാനന്ദന്റെയും ഗ്രൂപ്പുകൾ ആണെന്നും, അതിൽ ഒരു ഗ്രൂപ്പ് മറ്റവർക്കു സഹായം കൊടുക്കാൻ പാടില്ലെന്നു പറഞ്ഞതായും ചിലർ പറയുന്നതു കേട്ടു. അതു ശരിയല്ലെന്നു അങ്ങു പറഞ്ഞത് ഓർക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി: സർ, 2005-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ഒട്ടേറെ കടങ്ങളും മുൻ ഗവൺമെന്റ് വരുത്തിവച്ച ബാദ്ധ്യതകളും ഏറ്റെടുത്തു. ഇപ്പോഴുള്ള ധനസ്ഥിതി പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും, ഇടതുപക്ഷം ഭരിക്കുമ്പോൾ, കിട്ടാവുന്നിടത്തുനിന്നൊക്കെ കടം എടുത്തിട്ടും ജനക്ഷേമകരങ്ങളായ പദ്ധതികൾ നടപ്പിലാക്കാനോ പെൻഷൻ കുടിശ്ശിക കൊടുക്കാനോ സാധിക്കാതെ ട്രഷറി അടച്ചുപൂട്ടിയിട്ടിട്ടുണ്ട്. എന്നാൽ യു. ഡി. എഫ്. ഭരണകാലത്ത് ഒരു ദിവസംപോലും ട്രഷറി അടച്ചുപൂട്ടാതെ, ഭംഗിയായി കാര്യങ്ങൾ നിർവ്വഹിച്ചു. യു. ഡി. എഫ്.-ന്റെ ഭരണത്തെ അംഗീകരിക്കാൻ അതുമാത്രം മതി, കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, സംസ്ഥാനത്ത് പെൻഷൻ വാങ്ങുന്ന ആളുകളുടെ പെൻഷൻ കുടിശ്ശിക കൊടുത്തതിനുശേഷം മാത്രമേ ഞാൻ ശമ്പളം വാങ്ങുവെന്ന്. കേരള ചരിത്രത്തിലെ ആദ്യത്തെ ഒരു സംഭവമാണ്. ആർക്കെങ്കിലും അങ്ങനെ പറയാൻ കഴിയുമോ? നിങ്ങൾ തൊഴിലാളികളുടെ പാർട്ടിയാണ്, പാവപ്പെട്ടവരുടെ പാർട്ടിയാണ്, ദുർബ്ബല ജനവിഭാഗങ്ങൾക്കുവേണ്ടി വാദിക്കുന്നവരാണെന്നു പറഞ്ഞിട്ട് ഏതെങ്കിലുമൊരു കാലത്ത് അഭ്യസ്തവിദ്യർക്കു നൽകുന്ന തൊഴിലില്ലായ്മാവേതനം കൃത്യമായി കൊടുക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? ഞങ്ങളുടെ ഗവൺമെന്റ് എല്ലാ മാസവും ഒന്നാം തീയതി പെൻഷൻ കൊടുക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. നിങ്ങൾക്ക് ഇതുപോലെ പറയാൻ കഴിഞ്ഞോ? ഇവിടെ ശ്രീ. കെ. പി. രാജേന്ദ്രൻ പ്രസംഗിച്ചപ്പോൾ വലിയ വലിയ കമ്പനികൾക്ക് പിന്തുണ കൊടുത്തതിനെക്കുറിച്ചു പറഞ്ഞു, ഇത് ആരാണ് പറയുന്നത്? കൊക്കകോള ഫാക്ടറി സ്ഥാപിക്കാൻ അവസരം കൊടുത്തിട്ട് ഇപ്പോൾ അതിനെ എതിർക്കുന്ന നിങ്ങളാണോ പറയുന്നത്? എസ്.എൻ.സി. ലാവ്‌ലിനുവേണ്ടി കൺസൾട്ടൻസിയെ മാത്രമാണ് യു. ഡി. എഫ്. നിശ്ചയിച്ചതെങ്കിൽ, നിങ്ങൾ അതിനെ കരാറാക്കിമാറ്റി. ടാറ്റായെയും ബിർലയെയും നിങ്ങൾ സഹായിച്ചു. എല്ലാ വിദേശ കുത്തകകളെയും സഹായിക്കുകയും അവർക്കുവേണ്ടി ഒത്താശ ചെയ്തുകൊടുക്കുകയും ചെയ്ത നിങ്ങൾ ചെയ്തതെല്ലാം സ്വർഗ്ഗീയവും, ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ അതിനെ എതിർത്ത് നിങ്ങൾ അതിനെ വർഗ്ഗീയവുമായി മാറ്റുകയാണ് ചെയ്യുന്നത്. ഭരണം നടത്തുമ്പോൾ എന്തും ചെയ്യാമെന്നാണ് നിങ്ങളുടെ ഒരു ധാരണ. എന്നാൽ യു. ഡി. എഫ്. ഭരണം നടത്തുമ്പോൾ നിങ്ങൾ ഒന്നിനും സമ്മതിക്കുകയുമില്ല. ഇവിടെ എക്സ്പ്രസ്സ് ഹൈവേയെക്കുറിച്ചു പറഞ്ഞു. കേരളത്തിൽ ഒരറ്റത്തുനിന്നും മറ്റേ അറ്റത്തേക്ക് കേവലം നാലുമണിക്കൂർകൊണ്ട് എത്താവുന്ന മനോഹരമായ ഒരു പദ്ധതി കൊണ്ടുവന്നത് ശ്രീ. പി. ജെ. ജോസഫായിരുന്നു. പക്ഷേ, യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന്, അതു നടപ്പാക്കാൻ പോയപ്പോൾ ഏറ്റവും കൂടുതൽ എതിർത്തത് ആരാണ്? അപ്പുറത്തിരിക്കുന്ന ഇടതുപക്ഷത്തെ ആളുകൾ. ഇപ്പോൾ നിങ്ങൾ എക്സ്പ്രസ്സ് ഹൈവേ വേണ്ടെന്നു പറയുകയാണ്. അവർ ഭരിക്കുമ്പോൾ പറ്റും, യു. ഡി. എഫ്.

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കുമ്പോൾ പറ്റില്ല. അതുപോലെ ഇവിടെ ജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും ആവിഷ്കരിക്കുന്നതിനും യു.ഡി.എഫ്. ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായി മുന്നോട്ടുപോകുകയാണ്, അത് ഇനിയും ശക്തിയായി തുടരണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഇവിടെ രാഷ്ട്രപതി ശ്രീ. എ. പി. ജെ. അബ്ദുൾകലാം വന്ന് കേരളത്തിന് ഭാവനാസമ്പന്നമായ ഒരു സ്വപ്നം നൽകിക്കൊണ്ടാണ് പോയിരിക്കുന്നത്. അതു സാക്ഷാത്കരിക്കേണ്ട ബാദ്ധ്യതയും ഉത്തരവാദിത്വവും ഉമ്മൻ ചാണ്ടി ഗവൺമെന്റിനാണ്. കേരളത്തെ സമഗ്രമായി പരിഷ്കരിക്കുന്നതിനും ബഹുദൂരം മുന്നോട്ടുകൊണ്ടുപോകുന്നതിനും രാഷ്ട്രീയത്തിനതീതമായി അതിനെ ഉൾക്കൊണ്ടുകൊണ്ട്, ഒറ്റക്കെട്ടായി പ്രവർത്തിച്ച് വിജയിപ്പിക്കേണ്ട ഒരു പദ്ധതിയാണ് രാഷ്ട്രപതി ഇവിടെ സമർപ്പിച്ചിരിക്കുന്നത്. അതിന് ആദ്യമായിട്ട് വേണ്ടത് മനോഗതിയിലുള്ള മാറ്റമാണ്. ഉപ്പുഭരണിയുടെ മുകളിൽ പഞ്ചസാര എന്നെഴുതിയാൽ മധുരമുണ്ടാകില്ല. അതിനു പഞ്ചസാരതന്നെ വേണം. പദ്ധതികൾ മനോഹരമായി സമർപ്പിച്ചാൽ മാത്രം പോരാ. മനോഗതിയുടെ മാറ്റവും പ്രായോഗിക സമീപനവും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടെങ്കിൽ മാത്രമേ ആ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളു. ഞാൻ ഇതു സൂചിപ്പിക്കാൻ കാരണം, എക്സ്പ്രസ്സ് ഹൈവേയുടെ കാര്യത്തിൽ, അവർ കൊണ്ടുവന്ന പദ്ധതിയായിട്ടുപോലും യു. ഡി. എഫ്. ആണ് അതു നടപ്പാക്കുന്നത് എന്നുവന്നപ്പോൾ അതിനെ പ്രതിപക്ഷം എതിർത്തു. ഇങ്ങനെ ഓരോ പദ്ധതിയും നടപ്പാക്കുന്നത് യു. ഡി. എഫ്. ആണെന്ന കാരണത്താൽ അതിനെ രാഷ്ട്രീയമായി ദുഷ്ടലാക്കോടുകൂടി കണ്ടുകൊണ്ട്, അതിനെ തകിടം മറിക്കുന്ന പദ്ധതിയുമായി നിങ്ങൾ മുന്നോട്ടു പോകുന്നതിനാൽ, തീർച്ചയായും ഈ പദ്ധതിയും വെള്ളത്തിലാകും. ഇത് ജനങ്ങളുടെ പൊതുവായ ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. ഇത് യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുവച്ചതാണെങ്കിൽ ഇടതുപക്ഷത്തിന് എതിർക്കാമായിരുന്നു. യു.ഡി.എഫ്. എന്തു പറഞ്ഞാലും അതിനെ എതിർക്കുക എന്ന നയമുള്ള ഇടതുപക്ഷത്തിന് അംഗീകരിക്കാൻ കഴിയുന്ന ഏറ്റവും നല്ല ഒരു പദ്ധതിയാണിത്. കാരണം, നമ്മുടെ സംസ്ഥാനത്തിന് ഏറ്റവും ഗുണകരമായി ഭവിക്കുന്ന പദ്ധതികളാണ് രാഷ്ട്രപതി തന്റെ നിയമസഭാപ്രസംഗത്തിലൂടെ സമർപ്പിച്ചത്. 20 വർഷക്കാലം ഈ സംസ്ഥാനത്ത് ചെലവഴിക്കുകയും കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും പോയി നേരിട്ടറിയുകയും ചെയ്ത് അതിനനുസൃതമായി അദ്ദേഹം തയ്യാറാക്കിയതാണ് ഈ പദ്ധതി. ഇത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അല്ല വന്നത്, മറിച്ച് രാഷ്ട്രപതിയുടെ ഭാഗത്തുനിന്നാണ് വന്നത് എന്നുള്ളതുകൊണ്ട് ഇതിനെ അംഗീകരിക്കാൻ പ്രതിപക്ഷത്തിന് രാഷ്ട്രീയമായ പ്രയാസങ്ങൾ ഉണ്ടാകില്ല എന്നു ഞാൻ മനസ്സിലാക്കുകയാണ്. അതുകൊണ്ട് ആ പദ്ധതി നടപ്പാക്കുന്നതിനു വേണ്ട സഹകരണം പ്രതിപക്ഷം നൽകണം. വേണ്ടെത്ര മുൻഗണന നൽകിക്കൊണ്ട്, ആ പദ്ധതി നടപ്പാക്കുന്നതിനു ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കാനുള്ളത്. അഞ്ചു വർഷക്കാലംകൊണ്ട് ഒരു സമ്പന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തെ ബഹുദൂരം മുന്നോട്ടു നയിക്കാൻ ഈ ഗവൺമെന്റിന് സാധിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹം ഇവിടെ പറഞ്ഞ ഒരുപാട് കാര്യങ്ങളുണ്ട്. അതിലേക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ, ഏറ്റവും കൂടുതൽ ദുർബ്ബലവിഭാഗം അധിവസിക്കുന്ന പ്രദേശമായ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെ പുനരുദ്ധരിപ്പിക്കുന്നതിനുവേണ്ടി, അവർ പിടിക്കുന്ന മത്സ്യത്തിന് നല്ല മാർക്കറ്റ് ലഭിക്കുന്നതിനും സംസ്കരിക്കുന്നതിനും കയറ്റി അയയ്ക്കുന്നതിനും ഉൾപ്പെടെയുള്ള, കൃഷി അടിസ്ഥാനമാക്കിയുള്ള വ്യവസായകാര്യത്തിലൊക്കെയായിരുന്നാലും അതിന് നല്ല ഭാവിയുണ്ടെന്ന് ബഹുമാനപ്പെട്ട രാഷ്ട്രപതി സമർത്ഥിക്കുകയുണ്ടായി. അതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്തുകൊണ്ട് ഈ നിർദ്ദേശങ്ങൾ നടപ്പാക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് പറയാനുള്ളത്, ഇവിടെ ഗ്ലോബൽ മീറ്റും പലതും നടന്നു. എങ്കിലും സമ്പന്നരായ ആളുകൾക്ക് മാത്രമേ ഇൻവെസ്റ്റ്മെന്റ് ചെയ്യാനുള്ള അവസരം കിട്ടിയുള്ളു. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത് വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന ആയിരവും ആയിരത്തിയഞ്ഞൂറും റിയാൽ ശമ്പളം പറ്റുന്ന ഇരുപത്തഞ്ചോ മുപ്പതോ ലക്ഷം ആളുകൾ വരും. മാസം 500 റിയാൽ വച്ച് ഡെപ്പോസിറ്റ് ചെയ്യാൻ തയ്യാറായ ലക്ഷക്കണക്കിന് അളുകളുണ്ട്. പക്ഷേ, ചെറിയ വിഭാഗം ആയതുകൊണ്ട് അവർക്ക് ഒന്നിച്ച് ഡെപ്പോസിറ്റ് ചെയ്യാൻ കഴിയില്ല. ഗവൺമെന്റ് എൻ.ആർ.ഐ.ക്കുവേണ്ടി ഫിനാൻഷ്യൽ ഡെവലപ്മെന്റ് കോർപ്പറേഷനോ അല്ലെങ്കിൽ ഒരു ഇൻവെസ്റ്റ്മെന്റ് വിഭാഗമോ രൂപീകരിക്കുകയാണെങ്കിൽ മാസം 500 റിയാൽവച്ച് സംസ്ഥാനത്തിന് അത് കോടിക്കണക്കിന് രൂപ വരും. എ.ഡി.ബി. വായ്പയെക്കാൾ എത്രയോ ഇരട്ടി വരും ആ സംഖ്യ. ആ സംഖ്യ സംസ്ഥാനത്തിന്റെ വിജയകരമായ നടത്തിപ്പിന് വിനിയോഗിക്കാനും പ്രത്യേകിച്ച് രാഷ്ട്രപതി കേരളത്തിനു സമർപ്പിച്ച പദ്ധതി നടപ്പിലാക്കുന്നതിനും വലിയ ഒരു സംഖ്യ സമാഹരിക്കാനും അതുവഴി സാധിക്കും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. സാജു പോൾ: ബഹുമാന്യനായ മമ്മൂട്ടി പ്രസംഗിച്ചപ്പോൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാത്ത ഗവൺമെന്റിനെ അതിശക്തമായി വിമർശിച്ചിരുന്നു. അങ്ങനെയുള്ള ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ എങ്ങനെയാണ് ബഹുമാന്യനായ മമ്മൂട്ടിക്ക് അനുകൂലിക്കാൻ കഴിയുക?

ശ്രീ. സി. മമ്മൂട്ടി : നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ എന്താണ് നടപടി എന്നുപോലും പറയാൻ കഴിയാത്ത സി. പി. എം.-ന്റെ ഗതികേട് ഓർത്തിട്ടായിരിക്കും അങ്ങ് ഇത് പറഞ്ഞത്. സമവായത്തിലൂടെ നടപ്പാക്കാൻ പ്രതിജ്ഞാബദ്ധമായി പിന്നോക്കവിഭാഗത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽനിന്ന്

പോരാടുകയും അവർക്കുവേണ്ടി ഒട്ടേറെ കാര്യങ്ങൾ പ്രഖ്യാപിക്കുകയും അത് നടപ്പാക്കുകയും ചെയ്ത ഈ ഗവൺമെന്റ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിലും അതിന്റെ ശക്തമായ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. കടക്കെണിയിൽ നിൽക്കുന്ന ഈ സംസ്ഥാനത്തെ പിടിച്ചുയർത്തി, പിന്നോക്കമായി നിൽക്കുന്ന ഏറ്റവും ദുർബ്ബല ജനവിഭാഗങ്ങൾക്ക് അടക്കം ജനക്ഷേമകരമായ കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ട് ഈ രാജ്യത്തെ ജനങ്ങളിൽ പ്രതീക്ഷയർപ്പിക്കുന്നവിധത്തിൽ മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. ഏതാണ്ട് അലാവുദ്ദീന്റെ അത്ഭുത വിളക്കിനുപോലും സാധിക്കാത്തവിധം ആറുമാസംകൊണ്ട് അണ്ടർപാസ്സിന്റെ നിർമ്മാണം ശരിയാക്കി ചരിത്രം സൃഷ്ടിച്ചു. ഈ ഗവൺമെന്റിനു മാത്രമേ പ്രായോഗികമായ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിയുകയുള്ളു. രാഷ്ട്രപതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനും മുൻഗണനാക്രമത്തിൽ ഈ സംസ്ഥാനത്തെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും സമ്പൂർണ്ണമായ സഹകരണം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകണം എന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, ഈ ഗവൺമെന്റിനെ മുന്നോട്ടു നയിക്കുന്ന ഈ ഉപധനാഭ്യർത്ഥനകളെ പിൻതുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിച്ചുകൊണ്ടും സാമ്പത്തിക സ്തംഭനം ഒഴിവാക്കിക്കൊണ്ടും ഭദ്രമായി മുന്നോട്ടുപോകുവാൻ കഴിഞ്ഞുവെന്നുള്ളതുതന്നെയാണ് ഈ ഗവൺമെന്റിന്റെ ഭരണകാലത്തെ നേട്ടമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത്തരം കാര്യങ്ങളെക്കുറിച്ച് വിമർശനങ്ങൾ ഇല്ലാത്തതുകൊണ്ടാണ് തെറ്റിദ്ധാരണാജനകമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് പ്രതിപക്ഷം ഈ ഗവൺമെന്റിനെ സമീപിക്കുന്നത്. പൊതുകടം വർദ്ധിച്ചു എന്ന ആക്ഷേപം തെറ്റിദ്ധാരണ ഉണ്ടാകത്തക്ക രീതിയിൽ പ്രതിപക്ഷം പറയുമ്പോൾ അവരുടെ കാലത്തുള്ള ഗവൺമെന്റിനോടൊപ്പം എത്തിയില്ല എന്നുള്ള വസ്തുത മനസ്സിലാക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കടത്തിന്റെ വർദ്ധനവ് 135.5 ശതമാനം ആയിരുന്നുവെങ്കിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പൊതുകടത്തിന്റെ കാര്യത്തിൽ 75 ശതമാനം വർദ്ധനവു മാത്രമേ ഉണ്ടായിട്ടുള്ളു. കടമെടുക്കുന്നത് തെറ്റാണ് എന്ന് പറയാൻ കഴിയില്ല. വികസന സംരംഭങ്ങളുമായി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റിനെ സംബന്ധിച്ച് കടം സ്വീകരിക്കേണ്ടിവരും. അത് ഫലപ്രദമായി വിനിയോഗിക്കുന്നതിനെ കുറിച്ചാണ് വിലയിരുത്തേണ്ടത്. ഇടതുപക്ഷമുന്നണി കടം വാങ്ങിക്കുകയും അത് വകമാറ്റി ചെലവഴിക്കുകയും ചെയ്ത് കേരളത്തെ സാമ്പത്തികദുരിതത്തിലേക്ക് നയിച്ചെങ്കിൽ കടം വാങ്ങുന്ന തുക ഭദ്രമായി വിനിയോഗിക്കാനും അത് സംബന്ധിച്ച് വികസന പരിപാടികളുമായി മുന്നോട്ടുപോകാനും കഴിയുന്നുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രത്യേകത. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പെൻഷന്റെ കാര്യം സൂചിപ്പിച്ചു. വലിയ വീരവാദം മുഴക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ച കാലഘട്ടത്തിൽ കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം, വിവിധ ക്ഷേമപദ്ധതികൾ തുടങ്ങിയവയിൽ എത്രയോ മാസത്തെ കുടിശ്ശികയാണ് ഉണ്ടായിരുന്നത്! ആ കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമനെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. എല്ലാവിഭാഗം ആളുകൾക്കും പെൻഷനുകൾ ഒന്നാം തീയതി വിതരണം ചെയ്യുവാനുള്ള തീരുമാനമെടുത്തിരിക്കുന്നത് ഒരു ചെറിയ കാര്യമാണോ? ചെറിയ തുകയാണെങ്കിലും പാവപ്പെട്ട ആളുകളെ സംബന്ധിച്ച് അവർക്ക് ഈ തുക നിശ്ചിതസമയത്ത് ലഭിക്കുവാൻ ഇടയാക്കുന്ന സാഹചര്യം ഉണ്ടാക്കുക എന്ന് പറയുന്നത് നിസ്സാരകാര്യമല്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകളോടുള്ള പ്രതിബദ്ധതയുടെ പ്രകടമായ പ്രഖ്യാപനമായാണ് ഇതിനെ കാണുന്നത്. അതുപോലെ കുടുംബശ്രീയെ ടാക്സിൽനിന്ന് ഒഴിവാക്കി. അങ്ങനെ എത്രയോ കാര്യങ്ങൾ ചെയ്ത് സാധാരണക്കാരായ ആളുകൾക്കും സമൂഹത്തിലെ ദുർബ്ബലരായ ആളുകൾക്കും ഗുണം ചെയ്യുന്ന നടപടികളുമായി മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നത് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. വികസനരംഗത്ത് ഈ ഗവൺമെന്റ് വലിയ ഒരു കുതിച്ചുചാട്ടംതന്നെ ഉണ്ടാക്കി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചു, ഇവിടെ കുറേ ആളുകൾക്ക് മാത്രമേ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളൂ എന്ന്. അതായത് വികസന പരിപാടികൾ നടപ്പിലാക്കുന്നു എന്ന് അദ്ദേഹംപോലും അംഗീകരിച്ചിരിക്കുകയാണ്. ഇത്രയും വലിയ വികസന പ്രവർത്തനങ്ങൾ നടത്തി സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാനും ദിശാബോധത്തോടുകൂടി മുന്നോട്ടുപോകാനും കഴിഞ്ഞ ഒരു കാലഘട്ടം ഇതിനുമുമ്പ് കേരളത്തിൽ ഉണ്ടായിട്ടില്ല. വികസനരംഗത്തിന്റെ രാജവീഥിയിലൂടെ കേരള സംസ്ഥാനത്തെ മുന്നോട്ടു നയിക്കാൻ ഉമ്മൻ ചാണ്ടി ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു എന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ വിലക്കയറ്റത്തെക്കുറിച്ച് സൂചിപ്പിച്ചു. നാലു വർഷക്കാലത്തിനുള്ളിൽ വിലക്കയറ്റത്തെക്കുറിച്ച് ഇന്നുവരെ ഒരു വിമർശനവും ഉയർന്നുവന്നിട്ടില്ല. ഫലപ്രദമായ നടപടികളുമായി പൊതുമാർക്കറ്റിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമല്ലേ? ഡി.വൈ.എഫ്.ഐ.യുടെ പ്രധാനപ്പെട്ട സമരമാർഗ്ഗം വിലക്കയറ്റത്തിനെതിരെയായിരുന്നു. വിലവിവരപ്പട്ടികവരെ സ്ഥാപിച്ചുകൊണ്ട് നിരന്തരമായി സമരം നടത്തിയ ഡി.വൈ.എഫ്.ഐ.യുടെ വിലവിവരപ്പട്ടിക ഇന്ന് കാണാനുണ്ടോ? ഈ രംഗത്തൊക്കെ ഫലപ്രദമായി പ്രവർത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളതല്ലേ? അതുപോലെ നിക്ഷേപകരുടെ കാര്യത്തിൽ കേരളത്തെ മുന്നോട്ടു നയിക്കാനുള്ള ഭാവനാപൂർണ്ണമായ നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. വല്ലാർപാടം ടെർമിനൽ,

LIBRARY ARCHIVES Kerala Legislative Assembly

സ്മാർട്ട് സിറ്റി, ഇറ്റാലിയൻ ഫാഷൻ സിറ്റി തുടങ്ങി ആയിരക്കണക്കിന് കോടി രൂപയുടെ നിക്ഷേപം, അത് കേന്ദ്ര നിക്ഷേപമാണെങ്കിലും സ്വകാര്യ നിക്ഷപമാണെങ്കിലും വിദേശമൂലധന നിക്ഷേപമാണെങ്കിലും ഉണ്ടാകാൻപോവുക യാണ്. അത്തരം പദ്ധതികളൊക്കെ നടപ്പിലാക്കുന്നതോടുകൂടി ആയിരക്കണക്കിന് ആളുകൾക്ക് തൊഴിലവസരം നൽകുവാൻ കഴിയുന്ന സാഹചര്യം കേരളത്തിൽ ഉണ്ടാകുകയാണ്. 44 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽരഹിതരായ ചെറുപ്പക്കാർ കേരളത്തെ പകച്ചുനോക്കുന്ന ഒരു വലിയ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്ന നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. അതിനോട് സഹകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആരാധ്യനായ പ്രസിഡന്റ് ഈ നിയമസഭയിൽ നടത്തിയ പ്രസംഗം കേരളത്തിന്റെ വികസന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ഒരു മാറ്റം ഉണ്ടാക്കുന്ന കാര്യമാണ്. 2020-ഓടുകൂടി ഇൻഡ്യ വികസിതരാജ്യമായി മാറ്റാനുള്ള പ്രഖ്യാപിതമായ നിലപാടുകളുമായി മുന്നോട്ടുപോകുമ്പോൾ അതിനുമുൻപ് 2010-ൽത്തന്നെ കേരളത്തെ ഒരു വികസിത സംസ്ഥാനമാക്കി മാറ്റാനുള്ള പ്രതിജ്ഞാബദ്ധമായ പ്രഖ്യാപനങ്ങളാണ് രാഷ്ട്രപതി ഈ സഭയിൽ നടത്തിയിട്ടുള്ളത് എന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

യു. ഡി. എഫ്. ഗവൺമെന്റ് ശ്രീ. ആന്റണി മുഖ്യമന്ത്രിയായ കാലം മുതൽ ആ പാതയിലൂടെയാണ് ഈ സംസ്ഥാനത്തെ നയിക്കാൻ ശ്രമിക്കുന്നത്. പുതിയ ഒരു വികസനസംസ്കാരത്തെക്കുറിച്ചാണ് യു. ഡി. എഫ്. ഗവൺമെന്റ് സംസാരിച്ചു തുടങ്ങിയത്. അതിന്റെ മാറ്റങ്ങൾ ഇവിടെ ഉണ്ടാക്കിയെടുക്കാൻ കഴിയും, ആ ഒരു നിലയിൽത്തന്നെ അതിനെക്കാൾ വേഗത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി ആ നടപടികളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ എനിക്ക് പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കുവാനുള്ളത്, ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാനുള്ള സഹകരണം ഉണ്ടാകണം എന്നാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ mindset-ൽ മാറ്റം ഉണ്ടാകണം. ആ ഒരു മാറ്റം ഉണ്ടായെങ്കിൽ മാത്രമേ നമുക്ക് ഈ കാര്യങ്ങൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയൂ. ഇപ്പോഴും പ്രതിപക്ഷം നിഷേധാത്മകമായിത്തന്നെ മുന്നോട്ടുപോകുകയാണ്. അവർ സർക്കാരിന്റെ വികസന പദ്ധതികൾ അട്ടിമറിക്കാനും അക്രമസമരങ്ങളുമായി മുന്നോട്ടുപോകാനും ശ്രമിക്കുന്നു. ഏറ്റവും ഒടുവിൽ ഇന്ന് സബ്മിഷനിലൂടെ എം. ജി. യൂണിവേഴ്സിറ്റിയിൽ നടന്ന സംഭവം ഈ സഭയിൽ ഉന്നയിച്ചു. ഗാന്ധിജി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗമായ ഒരു കോളേജ് അധ്യാപകന്റെമേൽ കരിഓയിൽ ഒഴിച്ചുകൊണ്ടാണ് എസ്.എഫ്.ഐ.-ക്കാർ പ്രകടനം നടത്തിയത്. ഇന്നത്തെ പത്രത്തിൽ വന്ന വാർത്ത എന്താണ്, യൂണിവേഴ്സിറ്റി കോളേജിൽ തലസ്ഥാനനഗരിയിലെ ഇടതു സംഘടനയിൽപ്പെട്ട അധ്യാപകനെ എസ്.എഫ്.ഐ.-ക്കാർ മർദ്ദിച്ചു. രണ്ടുകൂട്ടരും പരാതി കൊടുത്തിരിക്കുകയാണ്. ഒരുകൂട്ടർ ശ്രീ. പിണറായി വിജയന് പരാതി

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരിക്കുന്നു, ഒരുകൂട്ടർ ശ്രീ.കോടിയേരി ബാലകൃഷ്ണന് പരാതി കൊടുത്തിരിക്കുന്നു. ഇത് എന്താണ്? ഈ കാര്യങ്ങൾക്ക് മാറ്റം ഉണ്ടാകണ്ടേ, വിരൽ മുറിച്ച് ഗുരുദക്ഷിണ കൊടുത്ത ഏകലവ്യന്റെ നാട്ടിൽ കരിഓയിലും, കമ്പിവടിയും, കയ്യേറ്റവുംകൊണ്ട് അധ്യാപകർക്ക് ഗുരുദക്ഷിണ നൽകാനാണ് എസ്.എഫ്.ഐ. ക്കാർ ഇപ്പോൾ പുതിയ വിദ്യാർത്ഥികളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇത് നമുക്ക് ആശാസ്യമാണോ? ഇത്തരം സമരങ്ങളോട് മാർക്സിസ്റ്റു പാർട്ടിയുടെ നിലപാട് വ്യക്തമാക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് വികസന കാര്യങ്ങളിൽ അതിവേഗം ബഹുദൂരം ഈ സംസ്ഥാനത്തെ മുന്നോട്ടു നയിക്കാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റിന്റെ വികസന പരിപാടികളെ സഹായിച്ചു കൊണ്ട് കേരളത്തെ പുരോഗതിയുടെ പാതയിൽ മുന്നോട്ടു കൊണ്ടുപോകാനുള്ള സഹകരണമാണ് പ്രതിപക്ഷം നൽകേണ്ടത് എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. 2005-2006 ലെ അടങ്കൽ തുകയുടെ 10 ശതമാനത്തോളം വരുന്ന 100.03 കോടി രൂപയുടെ ഉപധനാഭ്യർത്ഥന ഈ സഭയെ കബളിപ്പിക്കാനുള്ളതാണ്. ഈ സാമ്പത്തികവർഷം തുടങ്ങിയപ്പോൾ സഭയിൽ അവതരിപ്പിച്ച അടങ്കൽ തുകയ്ക്ക് ആനുപാതികമാണോ ഇതെന്ന് ചിന്തിക്കേണ്ടതാണ്. 2005 ഫെബ്രുവരി നാലിന് സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിലെ കണക്കുപ്രകാരം ആനുപാതികമാണോ ഇതെന്ന് ചിന്തിക്കേണ്ടതാണ്. 2005 ഫെബ്രുവരി നാലിന് സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിലെ കണക്കുപ്രകാരം ആനുപാതികമായി അത് തെളിയിക്കുവാൻ ധനകാര്യവകുപ്പുമന്ത്രിക്ക് കഴിയുമോ? എന്തിനാണ് ഇവിടെ പണം ചെലവഴിക്കുന്നത്? ആർക്കുവേണ്ടിയാണ് ഈ രാജ്യത്ത് അരക്ഷിതാവസ്ഥ ഉണ്ടാക്കിയെടുത്തിരിക്കുന്നത്? കഴിഞ്ഞ തവണ ഈ നിയമസഭ ചേരുന്ന സമയത്ത് നമ്മുടെ തിരുവനന്തപുരം പട്ടണത്തിൽ കൊള്ളയും പിടിച്ചുപറിയും എല്ലാംതന്നെ നടന്നിരുന്നു. എന്നാൽ ഇന്ന് ഈ തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ മൂക്കിനുതാഴെ നടന്ന സംഭവത്തെക്കുറിച്ച് പത്രത്തിൽ വന്ന വാർത്ത നമ്മുടെ ശ്രദ്ധയിൽപ്പെട്ടതാണ്. രണ്ടുവയസ്സ് പ്രായമുള്ള പെൺകുഞ്ഞിനെ പീഡിപ്പിച്ചു കൊന്നിരിക്കുന്നു, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അവിടെ പോയിരിക്കുകയാണ്. രണ്ടാഴ്ച മുമ്പ് പത്രത്തിൽ വന്ന മറ്റൊരു വാർത്ത 74 വയസ്സുകാരിയെ പീഡിപ്പിച്ച് കൊലപ്പെടുത്തി എന്നുള്ളതാണ്. അപ്പോൾ ചോരക്കുഞ്ഞിനും ചോരയും നീരും വറ്റിയ ദുർബ്ബലരായവർക്കും ഈ കേരളത്തിൽ യു.ഡി.എഫ്.-ന്റെ ഭരണത്തിൽ രക്ഷയില്ല എന്നുള്ള ഒരവസ്ഥയല്ലേ ഉണ്ടാക്കിയിരിക്കുന്നത്? എന്തൊരു ആഭ്യന്തര വകുപ്പാണ്, എന്ത് ഭരണമാണ് ഇവിടെ നടക്കുന്നത്, ഇതിനുവേണ്ടിയിട്ടാണോ ഇവിടെ തുക നീക്കിവയ്ക്കുന്നത്? ഒരു രണ്ടുവയസ്സുകാരിയുടെ ജീവൻ രക്ഷിക്കാൻ കഴിയുന്നില്ല. അതുപോലെ 74 വയസ്സുകാരിയുടെ ജീവൻ രക്ഷിക്കാനും കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അവരെ സംരക്ഷിക്കാൻ കഴിയാത്ത ആഭ്യന്തര വകുപ്പിനുവേണ്ടി ഈ ഉപധനാഭ്യർത്ഥന നടത്തുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെതന്നെ കണക്കുപ്രകാരം 9124 പേരെ കാണാതായിട്ടുണ്ട്. 52 പെൺവാണിഭ കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 13 ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു. 762 പേരെ തട്ടിക്കൊണ്ടുപോയി. 413 സ്ത്രീകളും 278 കുട്ടികളും കൊലചെയ്യപ്പെട്ടു. പോലീസ് കസ്റ്റഡിയിൽ 12 പേർ മരിച്ചു. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട 172 സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടു. ജയിലിൽ പ്രതികളുടെ പേര് മാറുന്നു, ജീവിച്ചിരിക്കുന്നവരുടെ ശവസംസ്കാരം നടത്തുന്നു. കസ്റ്റഡിയിൽനിന്ന് പ്രതികൾ രക്ഷപ്പെടുന്നു, എന്തിനേറെ പോലീസ് ഉദ്യോഗസ്ഥരുടെ വീടുകൾപോലും കള്ളൻമാരും പിടിച്ചുപറിക്കാരും ഒഴിവാക്കുന്നില്ല എന്നുള്ളതാണ്. പോലീസ് സേന അഴിമതിയുടെ സേനകളായി മാറിയിരിക്കുന്നു എന്ന് മനോരമ പത്രത്തിന് പറയേണ്ടിവന്നിരിക്കുന്നു. പെൺവാണിഭ കേസുകൾ 52 എണ്ണം രജിസ്റ്റർ ചെയ്തിരിക്കുന്നു. ഈ പെൺവാണിഭ കേസുകൾ നമ്മുടെ സംസ്ഥാനത്തെ ഇന്ന് പിടിച്ചു കുലുക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷേ, ഭരണക്കാർക്ക് ഒരു കുലുക്കവുമില്ല. മാഫിയ, സംഘങ്ങൾക്ക് ഒരു കുലുക്കവുമില്ല. പക്ഷേ, ഇവരുടെ കേസിനെക്കുറിച്ച് പറയുന്നുണ്ട്, 299 പേരെ അറസ്റ്റ് ചെയ്തു, 38 പേർക്ക് കുറ്റപത്രം നൽകി എന്നു പറയുന്നുണ്ട്, പക്ഷേ, ഒരു കേസ് പോലും പ്രോസിക്യൂഷൻ നടപടി പൂർത്തിയാക്കി ഇതുവരെ ആരെയും ശിക്ഷിച്ചിട്ടില്ല. എന്താ ഇവരെ ശിക്ഷിക്കാൻ മടി കാണിക്കുന്നത്? ഈ പ്രതികളിൽ ചിലർ നിയമപാലകരായിട്ടുള്ളവരുണ്ട്, അവരെ നിയന്ത്രിക്കുന്ന ഭരണാധികാരികൾ ഉണ്ട്, അതുപോലെ രാഷ്ട്രീയ നേതാക്കൻമാർ ഉണ്ട്, പ്രമാണിമാരുണ്ട്. അപ്പോൾ ആർക്കുവേണ്ടിയിട്ടാണ് കേസ് നടത്തുന്നത്? ഇവർ രക്ഷിക്കാൻ ശ്രമിക്കുന്നത് നീതി അർഹിക്കുന്ന പാവപ്പെട്ടവരെയല്ല മറിച്ച് പ്രതികളെയാണ്, രക്ഷിക്കപ്പെടുന്നത്. ഏറ്റവും ഗൗരവമായി കാണേണ്ട മറ്റൊരു കാര്യമാണിത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഏറ്റവും ഗൗരവത്തോടുകൂടി പരിശോധന നടത്തണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് കേരളത്തിലെ ആഭ്യന്തര വകുപ്പിനെക്കുറിച്ച് തന്നെയാണ്. ഇത്രയും മോശപ്പെട്ട രീതിയിൽ അരക്ഷിതാവസ്ഥ വളർത്തിക്കൊണ്ടുള്ള പ്രവർത്തനം നടത്തുന്ന ഒരു ആഭ്യന്തര വകുപ്പ് നമ്മുടെ കേരളത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. അധികാരം കിട്ടുമ്പോൾ എന്തെല്ലാം പ്രകടനപത്രികയും വാഗ്ദാനങ്ങളുമായിരുന്നു, പറയാതിരിക്കാൻ കഴിയില്ല, കേരളത്തിനെ വികസനത്തിന്റെ വിഹായസ്സിലേക്ക് ഉയർത്തിക്കൊണ്ടുവരും എന്ന് നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളതാണ്. അതുമാത്രമല്ല എൽ.ഡി.എഫ്.-ന്റെ നിഷ്ക്രിയ ഭരണം സാമ്പത്തിക സാമൂഹിക മേഖലകളെ നിശ്ചലമാക്കിയിരിക്കുന്നു, അതുകൊണ്ട് യു.ഡി.എഫ്.-നെ അധികാരത്തിൽ കൊണ്ടുവരണം എന്നാണ് പറഞ്ഞത്. ജനങ്ങൾ നിങ്ങൾക്കല്ലേ അധികാരം തന്നത്? 100 എം.എൽ.എ.-മാരെയാണ് നിങ്ങൾക്ക് തന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ, അധികാരത്തിൽ വന്നുകഴിഞ്ഞ് നിങ്ങൾക്ക് പ്രശ്നങ്ങളും പ്രതിസന്ധിയും ഒഴിഞ്ഞ നേരമില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കാൻ സമയമില്ല. ദുഷ്ട ശക്തികളുടെ സഹായത്താലാണ് നിങ്ങൾ ജയിച്ചുവന്നത്, ആ ദുഷ്ടശക്തികൾക്കുവേണ്ടിയുള്ള ഭരണമാണ് ഇവിടെ നടക്കുന്നത്. അവരുടെ നിയന്ത്രണത്തിലാണ് ഇപ്പോൾ ഇവിടെ ഭരണം. ബ്ലേഡ് മാഫിയകളാണ് ഇവിടെ ഭരണം നടത്തുന്നത്. ബ്ലേഡ് മാഫിയകൾ വളർന്നു പടർന്നു പന്തലിക്കുകയാണ്. പിന്നെ അവർ പിളരുകയാണ്. അവർ തമ്മിൽ തർക്കമാണ്, അവർ തമ്മിൽ കൊലപാതകങ്ങൾ നടക്കുന്നു. അതല്ലേ അടുത്ത കാലത്ത് പത്രങ്ങളിൽ വന്ന വാർത്തകൾ പറയുന്നത്? അവർക്ക് കൂട്ടിനായി വിദ്യാഭ്യാസ കച്ചവടക്കാർ ഉണ്ട്, അതുപോലെ കരിമണൽ ഖനനക്കാരുണ്ട്. ഇവരുടെ താൽപ്പര്യങ്ങളാണ് ഇവിടെ സംരക്ഷിക്കപ്പെടുന്നത്. ഇവർക്കു വേണ്ടിയാണോ ഈ ധനവിനിയോഗ ബിൽ എന്ന് എനിക്ക് സംശയമുണ്ട്. കേരളത്തിന്റെ സ്വത്തും സമ്പത്തും സംരക്ഷിക്കപ്പെടുന്നതിൽ ഈ ഗവൺമെന്റ് അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. വികസനത്തിന്റെ പേരിൽ ഇവിടെ നടത്തുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ വിവാദമായിക്കൊണ്ടിരിക്കുകയാണ്. വികസനത്തിന്റെ നിർവ്വചനവും മുൻഗണനയും എല്ലാം അട്ടിമറിച്ചുകൊണ്ട് ആഗോള മൂലധനത്തിന്റെ അജണ്ടയാണ് ഇവിടെ നടപ്പിലാക്കുന്നത്. എനിക്കുമുമ്പു സംസാരിച്ച യു. ഡി. എഫ്.-ലെ തന്നെ ഒരു മെമ്പർ പറഞ്ഞു, വികസനത്തിന്റെ ശത്രുക്കളാണ് എൽ. ഡി. എഫ്. എന്ന്. ഞങ്ങൾ വികസനത്തിന്റെ ശത്രുക്കളല്ല. ഈ രാജ്യത്തെ, നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന എല്ലാ വികസനങ്ങൾക്കും നമ്മൾ അനുകൂലമാണ്. വികസനത്തിന്റെ പേരിൽ വിറ്റുതുലയ്ക്കുമ്പോൾ നഷ്ടങ്ങൾ ഉണ്ടാക്കുമ്പോഴാണ് അതിനെ ഞങ്ങൾ എതിർക്കുന്നത്. അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. വികസനത്തെക്കുറിച്ച് ഇൻഡ്യയുടെ രാഷ്ട്രപിതാവായ മഹാത്മജി ഭരണാധികാരികൾക്ക് നൽകിയ ഒരു ഉപദേശം നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം പറഞ്ഞിട്ടുള്ളത്, നിങ്ങൾ കണ്ടിട്ടുള്ള ഏറ്റവും ദയനീയമായ മുഖത്തെക്കുറിച്ച് ഓർക്കണം, ആ മുഖത്തിനുടമയ്ക്ക് ഒരു വികസന പദ്ധതി വരുമ്പോൾ എന്തെങ്കിലും ഒരു നേട്ടം കിട്ടുമെങ്കിൽ അത് സ്വീകരിക്കണം അല്ലെങ്കിൽ നിരാകരിക്കണം എന്നാണ്. ആ ഒരു ദൈന്യമുഖത്തിന്റെ ഉടമയ്ക്ക് അനുകൂലമായ രീതിയിലാണോ ഇവിടെ വികസന പ്രവർത്തനങ്ങൾ കൊണ്ടുവരുന്നത്? പാവപ്പെട്ടവന്റെ നികുതിപ്പണം ഉപയോഗപ്പെടുത്തിക്കൊണ്ട് അതെല്ലാംതന്നെ സ്വകാര്യ മേഖലയ്ക്കും സ്വകാര്യ വ്യക്തികൾക്കും കൊടുക്കുകയാണല്ലോ. സർക്കാരിന്റെ വിലയേറിയ ഭൂമിയും സ്ഥാപനങ്ങളും നക്കാപ്പിച്ച വിലയ്ക്ക് കമ്മീഷൻ വിലയിൽ വിറ്റ് കാശാക്കുമ്പോൾ പ്രതിപക്ഷങ്ങൾക്ക് അത് എതിർക്കാതിരിക്കാൻ കഴിയില്ല. 26,000 കോടി രൂപയുടെ നിക്ഷേപം പറഞ്ഞുകൊണ്ട് കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് ജിം കൊണ്ടുവന്നുവെങ്കിലും അത് പൊളിഞ്ഞ് പാളീസായിപ്പോയി. അതുമാത്രമല്ല 2005 ജൂലായ് മാസംവരെ 284.95 കോടി രൂപയുടെ നിക്ഷേപം

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ് വന്നത്. അതുപോലെതന്നെ ഇപ്പോൾ സ്മാർട്ട് സിറ്റിയാണ്. അതിനെക്കുറിച്ച് വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, കേരളത്തിന്റെ കണ്ണായ സ്ഥലമാണ് ഈ 100 ഏക്കർ. ഇത് സൗജന്യമായി കൊടുക്കുകയാണ്. അതാണ് പറയുന്നത്, കൊടുക്കുന്നതാണെങ്കിലോ വെറും തുച്ഛമായ വിലയ്ക്കാണ്. എന്നാൽ പിന്നെ മുഴുവൻ ഭൂമിയും സൗജന്യമായി സ്മാർട്ട് സിറ്റിക്കാർക്ക് കൊടുക്കാമായിരുന്നല്ലോ? ഈ രീതിയിൽ നമ്മുടെ ഭൂമിയെല്ലാംതന്നെ തുച്ഛവിലയ്ക്ക് കൊടുത്തുകൊണ്ട് കേരളത്തെ ബുദ്ധിമുട്ടിലാക്കുകയാണ് അവർ ചെയ്യുന്നത്. ഇപ്പോൾ നമുക്ക് ഡയറക്ടർ ബോർഡിൽപ്പോലും സ്ഥാനമില്ല. 10 ശതമാനം ഓഹരിയുണ്ടെങ്കിലേ പറ്റുകയുള്ളൂ. 9 ശതമാനം ഓഹരിയാണ് നമുക്ക് അതിൽ വരാൻ പോകുന്നത്. അതുപോലെതന്നെ വാക്കുപാലിച്ചില്ലെങ്കിൽ നമ്മൾ കൊടുത്ത ഭൂമിക്ക് എന്താണ് എന്നുള്ളത് ഇതുവരെ കരാർ ഉണ്ടാക്കിയിട്ടില്ല. അപ്പോൾ ജനങ്ങളുടെ താൽപ്പര്യമോ സംസ്ഥാനത്തിന്റെ താൽപ്പര്യമോ അല്ല, മറിച്ച്, ഇവിടെയുള്ള കമ്പനി നടത്തുന്ന കമ്പനിക്കാരുടെ താൽപ്പര്യങ്ങളാണ് സംരക്ഷിക്കപ്പെടുന്നത് എന്നാണ് സൂചിപ്പിക്കാനുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉന്നതിക്കുവേണ്ടി എന്തെങ്കിലും ഒരു നടപടി എടുത്തിട്ടുണ്ടോ, 111 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്, അഞ്ചു പൈസ ഇതിനുവേണ്ടി കൊടുത്തിട്ടുണ്ടോ, ഇതിനെയെല്ലാം പൊളിക്കാൻവേണ്ടിയുള്ള നടപടിയല്ലേ നടത്തുന്നത്? 150 കോടിയിലേറെ വിലവരുന്ന നാല് വ്യവസായ സ്ഥാപനങ്ങളുടെ ആസ്തിയാണ് ഏഴരക്കോടി രൂപയ്ക്ക് വിൽക്കാൻ ശ്രമിക്കുന്നത്. 78,000 ചെറുകിട വ്യവസായ സ്ഥാപനങ്ങളാണ് പൂട്ടിയിട്ടുള്ളത്. 5 പൊതുമേഖലാ കോർപ്പറേഷനുകൾ അടച്ചുപൂട്ടി. 2 പൊതുമേഖലാ കോർപ്പറേഷനുകളിലെ ഓരോ ഡിവിഷനും അടച്ചു. 86,044 തൊഴിലവസരങ്ങളാണ് വ്യവസായരംഗത്ത് നഷ്ടപ്പെട്ടിരിക്കുന്നത്. 15 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കും എന്നു പറഞ്ഞതാണ്, പക്ഷേ, നഷ്ടത്തിന്റെ കണക്കാണ് ഇവിടെ പറയാനുള്ളത്. 15-7-2005-ന് എന്റെ ഒരു ചോദ്യത്തിന് മറുപടിയായിട്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നൽകിയ ഒരു മറുപടിയുണ്ട്. സ്വയംതൊഴിൽ പദ്ധതിപ്രകാരം വനിതാ വികസന കോർപ്പറേഷനിൽ വായ്പ നൽകിയ വിവരങ്ങൾ ജില്ല തിരിച്ച് തന്നതിൽ ചെയർപേഴ്സന്റെ ജില്ലയായ മലപ്പുറം ജില്ലയിലെ കണക്കു മാത്രം ഇല്ല. കേരളത്തിൽനിന്ന് മലപ്പുറം ജില്ലയെ ആരാണ് ഒഴിവാക്കിയത്? ആ ജില്ലയെ മാത്രം ഒഴിവാക്കി ബാക്കി കണക്കുകൾ ഇങ്ങോട്ട് തന്നിരിക്കുകയാണ്. ഇത് suppression of facts ആയിട്ട് കണക്കാക്കണ്ടേ? നമുക്ക് ഈ കാര്യങ്ങൾ അറിയാനുള്ള അവകാശം ഉണ്ടല്ലോ? ചോദിക്കുമ്പോൾ ചിലതുമാത്രം ഒഴിവാക്കിക്കൊണ്ട് മറുപടി തരുന്നത് എന്തുകൊണ്ടാണ്? അത് പരിശോധിക്കണം, കേന്ദ്ര സർക്കാർ അധിക ധനസഹായമായി കേരളത്തിനു നൽകിയ 305 കോടി രൂപയിൽ കഴിഞ്ഞ നാലുവർഷമായി 50 കോടി രൂപ മാത്രം ചെലവാക്കി, 16 ശതമാനം. ഇത് മേയ് മാസം 10-ന് ചീഫ് സെക്രട്ടറി വിളിച്ചുകൂട്ടിയ വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ ചൂണ്ടിക്കാണിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിലും വലിയ ഒരു പിടിപ്പുകേട് പറയാനുണ്ടോ? ഏറ്റവും വലിയ മികച്ച ധനകാര്യ മാനേജ്മെന്റാണെന്നു പറയുമ്പോൾ ഈ പിടിപ്പുകേടിനെക്കുറിച്ചൊക്കെയാണ് നമുക്ക് പറയേണ്ടിവരുന്നത്. ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന വകുപ്പുകളായ സാമൂഹ്യക്ഷേമം, ഗ്രാമവികസനം, പട്ടികജാതി/പട്ടികവർഗ്ഗം, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലാണ് തുകകൾ ലാപ്സായിപ്പോകുന്നത്.

2.00 P.M.] സർ, പണമില്ല, പണമില്ല എന്നു പറയുകയും ഓരോ പദ്ധതിക്കും നീക്കിവയ്ക്കുന്ന തുക ലാപ്സാക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാക്കിയെടുക്കുന്ന നടപടിയാണ് യു.ഡി.എഫിന്റെ ഭരണകാലത്ത് നടക്കുന്നത്. കേരളത്തിൽ ഏറ്റവും വിലപിടിപ്പുള്ള വസ്തു ഭൂമിയാണ്. അത് സംരക്ഷിക്കേണ്ട ചുമതല ഗവൺമെന്റിനാണുള്ളത്. കണ്ണൻ ദേവൻ കമ്പനി അനധികൃതമായി കൈവശം വച്ച ഭൂമി, അവരെ ഒഴിപ്പിക്കുന്നില്ല. വാഗമണ്ണിൽ അനധികൃത കൈയേറ്റം ഒഴിവാക്കി ആ ഭൂമി തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നില്ല. അതുപോലെ ഭൂപരിധിയിൽനിന്ന് ഒഴിവാക്കിയ തോട്ടങ്ങൾ, കണ്ണായ സ്ഥലങ്ങൾ എന്നിവയിൽ ടൂറിസ്റ്റ് റിസോർട്ട്, ഷോപ്പിംഗ് കോംപ്ലക്സ് അതൊക്കെ അവിടെ ഉയർന്നുവരുന്നു. സർക്കാർ അറിയാതെയാണോ? അത് നമുക്ക് കാണണ്ടേ? വനഭൂമി കൈയേറ്റം തടയാൻ ഫലപ്രദമായ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ? എങ്കിൽ മൂന്നാറിലെ ദുരന്തത്തിന്റെ തീവ്രത കുറച്ചെങ്കിലും നമുക്ക് നിയന്ത്രിക്കാമായിരുന്നു. ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ച സുനാമി ഫണ്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ആ ഫണ്ട് വകമാറ്റി ചെലവഴിച്ചിരിക്കുകയാണ്. ആ വിഷയം സഭയിൽ ചർച്ച ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. നിയമവിരുദ്ധ നടപടികൾ സ്വീകരിച്ചതിന് നീതിപീഠങ്ങളുടെ നിരന്തരമായ വിമർശനത്തിന് വിധേയമായ ഗവൺമെന്റാണിത്. മറ്റൊരു ഗവൺമെന്റിനും ഇങ്ങനെ നീതിപീഠങ്ങളുടെ വിമർശനം ഏറ്റുവാങ്ങേണ്ടിവന്നിട്ടില്ല. നാലു വർഷത്തിനിടയിൽ രണ്ടു ഡസനിലേറെ തവണയാണ് കോടതികളുടെ രൂക്ഷമായ വിമർശനം ഏറ്റുവാങ്ങേണ്ടിവന്നിട്ടുള്ളത്. അതേപ്പറ്റി ഞാൻ പറയുന്നില്ല. ഓൺലൈൻ ലോട്ടറി കേസ്, പ്ലസ്ടു, ബി.എഡ്. ലിസ്റ്റ് അനുവദിച്ചത് ഇതെല്ലാം വിവേചനപരമാണെന്ന് ചൂണ്ടിക്കാണിച്ചു. കിളിരൂർ കേസ് അട്ടിമറിച്ചുകൊണ്ട്.....കാരണം, പ്രായം തിരുത്തിയ അച്ഛന്റെ പരാതിപോലും കീറിക്കളഞ്ഞ അനുഭവമാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ കിളളി സംഭവത്തിൽ പോലീസുകാരുടെ സസ്പെൻഷൻ പിൻവലിച്ചപ്പോൾ അതിന് വിമർശനം വന്നതാണ്. സഹകരണ മെഡിക്കൽ കോളേജിൽ മെറിറ്റ് സീറ്റിൽ.....മാനേജ്മെന്റ് സീറ്റിൽ പ്രവേശനം കൊടുക്കണമെന്നു വന്നപ്പോൾ സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ അപ്പീൽ നൽകിയതിനാണ് ഹൈക്കോടതി വിമർശിച്ചത്. അങ്ങനെ ഒരുപാടു കാര്യങ്ങൾ കോടതിയുടെ വിമർശനവുമായി ബന്ധപ്പെട്ടുകൊണ്ട് സൂചിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കഴിയും. പി.എസ്.സി. അംഗങ്ങളുടെ എണ്ണം കൂട്ടി. പി.എസ്.സി.യിൽ അപേക്ഷ കൊടുത്തുകൊണ്ട് ഒരു ജോലിക്കുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്നവർക്ക് തൊഴിലില്ല. ലിസ്റ്റ് കാൻസലായിപ്പോകുന്നു. പക്ഷേ, അവിടെ അധിക ചെലവുണ്ടാക്കുന്നവിധത്തിൽ ആറ് പേരെയാണ് ഇപ്പോൾ നിയമിച്ചിരിക്കുന്നത്. ഒരു പി.എസ്.സി. മെമ്പറുടെ ഒരുമാസത്തെ ശമ്പളം മുപ്പത്തിമൂന്നായിരം രൂപയെന്നാണ് പറയുന്നത്. അനുബന്ധച്ചെലവ് ഒരു ലക്ഷമാണ്. പണമില്ല എന്നു പറയുമ്പോഴും ഇവർ അധികച്ചെലവ് ഉണ്ടാക്കുകയാണ്. അതുമാത്രല്ല, സംസ്ഥാന മന്ത്രിസഭ അറിയാതെ അബ്ദുൽ വഹാബ് എം.പി.ക്ക് എയ്ഡഡ് കോളേജും അതുപോലെ സ്കൂളും അനുവദിച്ചു എന്ന് പത്രത്തിൽ വാർത്തയുണ്ട്. എയ്ഡഡ് സ്കൂളും കോളേജും കൊടുത്തുകഴിഞ്ഞാൽ സർക്കാരിന് ബാദ്ധ്യതയായിട്ടുവരില്ലേ? ശമ്പളം കൊടുക്കാനുള്ള ഉത്തരവാദിത്വം വരില്ലേ? യു. ഡി. എഫിന്റെ കഴിഞ്ഞ യോഗത്തിൽ ഈ വിഷയം ഏറ്റവും വലിയ വിമർശനമായി വന്നെന്ന് പത്രത്തിൽ വന്നതാണ്. അപ്പോൾ ഒരു കൂട്ടുത്തരവാദിത്വവുമില്ലാതെ, സ്വന്തമായി ചെയ്ത കാര്യങ്ങൾ ഗൗരവമായി എടുക്കണ്ടേ? ഇതുപോലെയാണ് സർക്കാരിന്റെ പോക്കെങ്കിൽ കാലാവധി പൂർത്തിയാകുമ്പോഴേക്കും കേരളത്തിന്റെ പൊതുകടം അൻപതിനായിരം കോടിയിലധികം രൂപയാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. എന്നുവച്ചാൽ ഇവിടെയിരിക്കുന്ന അങ്ങുൾപ്പെടെയുള്ള ഓരോ അംഗങ്ങളും ഉൾപ്പെടുന്ന കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങൾക്ക് 15,500 രൂപയുടെ കടക്കാർ ആകേണ്ടിവരും. സുതാര്യകേരളം സുന്ദരകേരളം, അതിവേഗത്തിൽ ബഹുദൂരം പിന്നിട്ടുകൊണ്ടിരിക്കുമ്പോൾ നമ്മൾ ഓരോരുത്തരും 15,500 രൂപയുടെ കടക്കാരായി മാറുന്നു. ഇത്തരത്തിൽ അഴിമതിയും ധൂർത്തും അനീതിയും ജനദ്രോഹവുമെല്ലാം നടത്തുന്ന പാഴ്ചെലവുണ്ടാക്കുന്ന ധനവിനിയോഗ ബില്ലിനെ എനിക്ക് അംഗീകരിക്കാൻ കഴിയില്ല; ഞാൻ ശക്തമായി എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ബഹു. സ്പീക്കർ]

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, വളരെ ചുരുക്കം മിനിട്ടുകളിൽ മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, വളരെ വിശദമായി മറുപടി പറയേണ്ട ആരോപണങ്ങളൊന്നും വന്നിട്ടില്ല. ശ്രീ. കെ. പി. രാജേന്ദ്രൻ ഇവിടെ പ്രശ്നങ്ങൾ തുടങ്ങിയതുതന്നെ, വളരെ വികാരാധീനനായി, പാളയം അടിപ്പാത വേഗംചെയ്തുകളഞ്ഞു എന്നുള്ള പരാതിയുമായിട്ടാണ്. കേരളത്തിലുള്ള എല്ലാ മീഡിയകളും മുക്തകണ്ഠം പ്രശംസിച്ച ഈ കേരളത്തിൽ, ഈ അടുത്തകാലത്ത് ഉണ്ടായ ഏറ്റവും വലിയ നേട്ടം സംബന്ധിച്ച് ഈ രീതിയിൽ രാജേന്ദ്രൻ ഹൗസിൽ വന്ന് നിരൂപണം നടത്തേണ്ടിയിരുന്നില്ല. ഇത്രയും ചുരുങ്ങിയ കാലഘട്ടംകൊണ്ട് പണിപൂർത്തിയാക്കിയതിന് വാസ്തവത്തിൽ ഇന്നലെ അവിടെ നേരിട്ടുപോയി ശ്രീ. മുനീറിന് മോതിരം കൊടുക്കാൻ കഴിയാത്തതിൽ എനിക്ക് സങ്കടമുണ്ട്. ആ മോതിരത്തിന്റെ വിലയല്ല

ഒരു പുതിയ സ്റ്റൈൽ ഓഫ് ഫങ്ഷനിംഗ് ഇവിടെ ആരംഭിക്കുകയാണ്. അത് ഫോർ ദ ഫസ്റ്റ് ടൈം—ഒരു കൾച്ചർ—അത് പുതുതായി ആരംഭിച്ചതാണ്. അത് തുടർന്നാൽ നമുക്ക് ഇവിടെ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. എന്നെങ്കിലും നിങ്ങൾ അധികാരത്തിൽ വന്നാൽ, ഉടനെയല്ലെങ്കിലും, എന്നെങ്കിലും വന്നാൽ നിങ്ങൾക്കും അത് തുടങ്ങാം. മനസ്സിലായില്ലേ, അതിൽ നിങ്ങൾക്ക് വേദനയുണ്ടെന്ന് സംശയിക്കുന്ന രീതിയിലായിപ്പോയി ശ്രീ. രാജേന്ദ്രന്റെ ഈ നിരൂപണം. പിന്നെ അദ്ദേഹം പറഞ്ഞു, പരസ്യം കൊടുക്കുന്നു, പരസ്യം കൊടുക്കുന്നു എന്ന്. അത് ശ്രീ. രാജേന്ദ്രൻ എന്നോടുതന്നെ പറയണം. കാരണം, എന്നെ മന്ത്രിയായിട്ട് ഈ മന്ത്രിസഭയിൽ എടുത്തതിനുശേഷം ഒരു പരസ്യംപോലും കൊടുക്കാത്ത ഏക മന്ത്രിയുണ്ടെങ്കിൽ അത് ഞാൻ മാത്രമാണ്. മീഡിയാസിൽ ഞാൻ അത്രത്തോളം unpopular ആണ്; കാരണം ഞാൻ ഒരു പരസ്യവും ആർക്കും കൊടുക്കാറില്ല. അത്രത്തോളം unpopular ആണ്. ഇവിടെ ഞാൻ ഒരു മണിക്കൂർ പ്രസംഗിച്ചാലും ഒരു വരിപോലും ഒരു പത്രത്തിലും വരില്ല. എനിക്ക് അതിൽ ഒരു പരാതിയും ഇല്ല. ഞാൻ അതിനെ വലിയ കാര്യമായിട്ടെടുത്തിട്ടില്ല. അതുതന്നെ കൊടുക്കാൻ കാരണം എന്റെ കീഴിലുള്ള ഒരു പൊതുമേഖലാസ്ഥാപനം ഒരു വർഷം ഒന്നരക്കോടി രൂപയ്ക്ക് പരസ്യം കൊടുത്തുവെന്ന് കണ്ടപ്പോൾ ഞാൻ അന്ധാളിച്ചുപോയി. അതുകൊണ്ടാണ് ഒരു പരസ്യവും ആർക്കും കൊടുക്കാത്ത ഒരു നിലപാട് ഞാൻ സ്വീകരിച്ചത്. പിന്നെ വളരെ അത്യാവശ്യമായിട്ടുള്ള കാര്യത്തിന് മാത്രമാണ് കൊടുക്കുന്നത്. പബ്ലിക് റിലേഷൻസ് അതിനുവേണ്ടിയാണ്. പക്ഷേ, ആളുകളെ പ്രീണിപ്പിക്കാൻവേണ്ടിയുള്ള പരസ്യങ്ങളൊന്നും ഈ ഗവൺമെന്റ് കൊടുത്തിട്ടില്ല. ശ്രീ. രാജേന്ദ്രൻ കർഷകത്തൊഴിലാളികളെക്കുറിച്ചു പറഞ്ഞു. എന്താണ് രാജേന്ദ്രൻ? ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാൻ പറ്റുമോ? വർഷങ്ങളായി കർഷകത്തൊഴിലാളികൾക്ക് കൊടുക്കേണ്ട പെൻഷൻ കൊടുക്കാതെ, നിങ്ങളിട്ടിട്ടുപോയ പെൻഷൻ കൊടുക്കുമ്പോൾ എന്താ പറയേണ്ടത്, രാധാകൃഷ്ണനോട് എനിക്ക് സ്നേഹവും ബഹുമാനവുമുണ്ട്. അവരുടെ ഒരു മാസത്തെതന്നെ അവർക്ക് കൊടുക്കേണ്ടത് ഏഴു കോടിയോളം രൂപ വന്നപ്പോൾ, അതിൽ വളരെ അവിഹിതമായിട്ട് ഒരു ലിസ്റ്റ് വന്നപ്പോൾ അതിന്റെ വിതരണം മുടങ്ങി. നിങ്ങളുടെ കാലത്തുതന്നെ അതു മുടങ്ങി. എല്ലാപേരുടേയും കാലത്തു മുടങ്ങി. പക്ഷേ, ഇപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷംതന്നെയാണ് കാര്യമായിട്ട് കുടിശ്ശിക തീർക്കാൻ തുടങ്ങിയത്. ഇപ്പോൾ ഈ ജൂലൈ മാസത്തിൽത്തന്നെ 2003 ഏപ്രിൽ, മേയ്, ജൂണിലേത് കൊടുത്തു, ഈ മാസത്തിൽത്തന്നെ 2003-ലെ മൂന്നു മാസത്തെ കൊടുത്തു. ഇപ്പോൾ അതിനുള്ള ഓർഡർ കൊടുത്തു. എന്നിട്ട് എല്ലാ മാസവും അവർക്ക് കൊടുക്കുമെന്ന് പറഞ്ഞു. അതുപോലെ അൺ എംപ്ലോയ്മെന്റ് ഡോൾ ഇത്രയും അരിയേഴ്സ് ഒരുമിച്ചു കൊടുക്കുന്നത് ചരിത്രത്തിലാദ്യമായിട്ടാണ്. മറ്റൊരു കാര്യം, ഈ ജൂലൈ മാസം തൊട്ട് അടുത്ത കൊല്ലം മാർച്ചുവരെയുള്ള 9 മാസത്തിനിടയിൽ 25 മാസത്തെ വിവിധ പെൻഷൻ കുടിശ്ശിക കൊടുക്കാനാണ് ഓർഡർ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരിക്കുന്നത്. അതിനുള്ള സ്റ്റാൻഡിംഗ് ഓർഡർ കൊടുത്തുകഴിഞ്ഞു. അതാണ് ഞാൻ ഇന്നലെ പറഞ്ഞത്. ജൂലൈയിൽ 4 മാസം, സെപ്റ്റംബറിൽ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബാദ്ധ്യതകളൊക്കെ തീർക്കുന്നതിനുവേണ്ടി എത്രകോടി രൂപ പുതുതായി കടമെടുക്കേണ്ടിവരും?

ശ്രീ. വക്കം പുരുഷോത്തമൻ: ഇതു രണ്ടുംകൂടി പറഞ്ഞുകഴിഞ്ഞാൽ എങ്ങനെ പറ്റും?

ശ്രീ. കെ. ബാബു: മാർക്സിസ്റ്റ് പാർട്ടിക്കും സി.പി.ഐ.ക്കുമുള്ള തർക്കം, ഇവർ എല്ലാ ഓണത്തോടുമനുബന്ധിച്ച് ഈ പെൻഷനെല്ലാം കിട്ടാൻവേണ്ടി സമരം ചെയ്യുന്ന ഏർപ്പാടുണ്ട്. ഇത് മുൻകൂട്ടി തീരുമാനിച്ചാൽ സമരം ചെയ്യാനുള്ള അവസരം നഷ്ടപ്പെടുമെന്നുള്ള ദുഃഖമാണ് അവർക്കുള്ളത് എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, സെപ്തംബറിൽ വീണ്ടും നാലു മാസത്തെ കൂടിശ്ശികകൂടി കൊടുക്കും. പിന്നെ എല്ലാ മാസവും രണ്ടു മാസത്തേതു വീതം കൊടുക്കും. ഡിസംബറിൽ നാലു മാസത്തേത് പിന്നേയും കൊടുക്കും. പിന്നെ എല്ലാ മാസവും രണ്ടു മാസത്തേതുവീതം കൊടുക്കും. മാർച്ചിൽ നാലു മാസത്തേത് കൊടുക്കും. അങ്ങനെ 25 മാസത്തെ പെൻഷൻ ഈ വരുന്ന 9 മാസംകൊണ്ട് കൊടുക്കാനുള്ള ഉത്തരവ് കൊടുത്തുകഴിഞ്ഞു. കർഷകത്തൊഴിലാളികളുടെ കാര്യമൊന്നും ഞങ്ങളോടു പറയണ്ട. കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുത്തത് ശ്രീ. ആര്യാടൻ മുഹമ്മദാണ്. കർഷകത്തൊഴിലാളികളുടെ മാഗ്നാകാർട്ടയെന്ന് നിങ്ങൾ ഉൾപ്പെടെ സമ്മതിച്ച കർഷകത്തൊഴിലാളി നിയമം ഉണ്ടാക്കിയത് ഞാനാണ്. അതുകൊണ്ട് കർഷകത്തൊഴിലാളികളുടെ കാര്യമൊന്നും ഈ വക്കം പുരുഷോത്തമനോട് പറയണ്ട. ഞാൻ ഒരു ബൂർഷ്വാ ആണെന്ന് പറഞ്ഞോ. തൊഴിലാളികളോട് താൽപ്പര്യമുള്ള ആളാണ്.

ശ്രീ. സി. മമ്മൂട്ടി എൻ. ആർ. ഐ.ക്കാരുടെ കാര്യം പറഞ്ഞു. 500 റിയാൽ വീതം നമുക്കു തരാൻവേണ്ടി, ഡെപ്പോസിറ്റ് ചെയ്യാൻവേണ്ടി എൻ. ആർ. ഐ.ക്കാർ സന്മനസ്സ് കാണിച്ചുകൊണ്ടിരിക്കുകയാണെന്നും, അത് എങ്ങനെ വിനിയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു. തീർച്ചയായിട്ടും നോർക്കയോട് അത് ആവശ്യപ്പെടാം. എന്ത് പദ്ധതി നടപ്പിലാക്കണമെന്ന് പരിശോധിക്കും. എപ്പോഴും എൻ. ആർ. ഐ.ക്കാരോട് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചിട്ടുള്ള ഈ ഗവണ്മെന്റ് ഇക്കാര്യവും നോർക്കയോട് ആവശ്യപ്പെടും. അതിനുവേണ്ടി ഒരു പദ്ധതി ഉണ്ടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ പറഞ്ഞതിന് ഇന്നലെ ഞാൻ മറുപടി പറഞ്ഞതല്ലേ? ആർക്കുവേണ്ടിയാണ് 600 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റ് വച്ചത്? ഇതിൽ ഏതെങ്കിലും ഒന്നിനെയെങ്കിലും നിങ്ങൾക്ക് എതിർക്കുവാൻ കഴിയുമോയെന്ന് ഞാൻ വെല്ലുവിളിച്ചു. അനാവശ്യമായിട്ട് ഒരു രൂപയുണ്ടോ? നേരേമറിച്ച് പാവപ്പെട്ടവർക്കു വേണ്ടിയും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടിയും തൊഴിലാളികൾക്കുവേണ്ടി യുമൊക്കെയാണ് ഈ സപ്ലിമെന്ററി ഡിമാന്റ്സ് കൊണ്ടുവന്നത്. നിയമവാഴ്ച തകർത്തതിനെക്കുറിച്ചും പറഞ്ഞു. നിയമവാഴ്ച നിങ്ങൾ തകർത്തിട്ടുണ്ട് എന്നുള്ളതല്ലാതെ ഇവിടെ നിയമവാഴ്ച തകർന്നിട്ടില്ല. നിയമവാഴ്ച തകർക്കാൻ നിങ്ങൾ ശ്രമം നടത്തിയിട്ടുണ്ട്; അക്രമം കാണിച്ചിട്ടുണ്ട്. പോലീസിനെ ചെന്നു തല്ലുക, അങ്ങനെ തകർന്നതല്ലാതെ, നിങ്ങളും നിങ്ങളുടെ പാർട്ടിയും .....(ബഹളം).....

ഇവിടെ രണ്ടു വയസ്സായ കുട്ടിയുടെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്ത് ചോദിച്ചിട്ടാണോ ഇത് ചെയ്തത്? നിങ്ങൾ എന്ത് വിവരക്കേടാണ് പറയുന്നത്? കേരളത്തിലെ മുഴുവൻ കുട്ടികളുടെയും അടുത്ത് പോലീസിനെ നിർത്താൻ കഴിയുമോ? 70 വയസ്സായ സ്ത്രീയുടെ കാര്യം. കേരളത്തിലെ മുഴുവൻ പെണ്ണുങ്ങളുടെയും അടുത്ത് പോലീസിനെ നിർത്താൻ കഴിയുമോ? നിങ്ങളും ഞങ്ങളും മാറിമാറി ഭരിച്ചു. ഇവിടെ മൃഗങ്ങളുണ്ട്. അവരെ എന്തു ചെയ്യണമെന്ന് നമുക്ക് ഒന്നിച്ച് ആലോചിക്കണം. രണ്ടു വയസ്സായ കുട്ടിയോട് കൊടുംക്രൂരത കാണിച്ചതിന് ഗവണ്മെന്റാണോ ഉത്തരവാദി?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, കേരളത്തെ ഒന്നടങ്കം ഞെട്ടിപ്പിച്ച സംഭവമാണ് ഇന്ന് വാർത്താ മാദ്ധ്യമങ്ങളിലൂടെ പുറത്തുവന്നത്. രണ്ടു വയസ്സായ കുട്ടിയെ ഒരു മനുഷ്യാധമൻ പീഡിപ്പിച്ചു." അതുപോലും ദയവായി രാഷ്ട്രീയവൽക്കരിക്കരുത്. സ്ത്രീത്വത്തെ ദയവായി മാനിക്കണമെന്നുള്ള ഒരു അഭിപ്രായമാണ് എനിക്കുള്ളത്. അങ്ങ് അത് ഉൾക്കൊള്ളുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഞാൻ അതിനോട് യോജിക്കുകയാണ്. സ്മാർട്ട് സിറ്റിയെക്കുറിച്ച് എന്തൊക്കെ പറഞ്ഞു. പത്തുമുപ്പത്തയ്യായിരംപേർക്ക് ജോലി കിട്ടിക്കോട്ടെ. അവർ നന്നായിക്കോട്ടെ. നിങ്ങൾക്ക് ഭയം തോന്നുന്നുണ്ടോ? ജോലികിട്ടിയാൽ അവർ ചെങ്കൊടി പിടിക്കില്ല എന്നാണോ നിങ്ങളുടെ ഭയം?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചെലവ് ചുരുക്കുമെന്ന് പറഞ്ഞിട്ട് പ്രഖ്യാപിച്ച ധവളപത്രത്തിനകത്ത് പറഞ്ഞ കാര്യം, പുതിയ എയ്ഡഡ് കോളേജുകളൊന്നും കൊടുക്കില്ല. അതിന് വിരുദ്ധമായി സംസ്ഥാനത്ത് എയ്ഡഡ് കോളേജുകൾ കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഉത്തരവ് ഇറങ്ങിയോ എന്നറിയില്ല. ഏതാണ്ട് 3 കോളേജുകൾ കൊടുക്കത്തക്കവിധത്തിലുള്ള ഒരു പ്രൊപ്പോസലുണ്ട്.

അത് ഏതുവരെ ആയി എന്ന് എനിക്കറിയില്ല. അതിൽ ഒന്ന് ഗവണ്മെന്റ് കോളേജ്, ഒന്ന് എസ്.എൻ.ഡി.പി.ക്ക്, ഒന്ന് നിലമ്പൂരിൽ യത്തീം ഖാനയ്ക്ക്. അങ്ങനെ ഒരു പ്രൊപ്പോസൽ ഞാൻ കണ്ടിട്ടുണ്ട്. അതല്ലാതെ വേറെ ഒന്നും ഇല്ല. അതു കൊണ്ട് ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2005-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2005-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, 2005-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (*ശ്രീ. ഡൊമിനിക് പ്രസന്റേഷൻ*): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2005-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ—41

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, എ. പി. അനിൽകുമാർ
4. ,, ഇ. എം. അഗസ്തി
5. ,, കെ. ബാബു
6. ,, ബാബു ദിവാകരൻ
7. ,, പി. കെ. കെ. ബാവ
8. ,, കെ. എ. ചന്ദ്രൻ
9. ,, ഡൊമിനിക് പ്രസന്റേഷൻ
10. ,, എം. എം. ഹസ്സൻ
11. ,, ഇസ്ഹാക് കുരിക്കൾ
12. ,, ജോസഫ് എം. പുതുശ്ശേരി
13. ,, പി. ജെ. ജോയി
14. ,, ഉമ്മൻ ചാണ്ടി
15. ,, വി. ജെ. പൗലോസ്
16. ,, അടൂർ പ്രകാശ്
17. ,, വക്കം പുരുഷോത്തമൻ
18. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. എം. വി. രാഘവൻ
20. ,, കെ. കെ. നായർ
21. ,, പി. കെ. കുഞ്ഞാലിക്കുട്ടി
22. ,, കെ. കുട്ടി അഹമ്മദ് കുട്ടി
23. ,, ലൂഡി ലൂയിസ്
24. ,, സി. മമ്മൂട്ടി
25. ,, കെ. മുഹമ്മദാലി
26. ,, സി. മോയിൻകുട്ടി
27. ,, ആര്യാടൻ മുഹമ്മദ്
28. ,, കെ. കെ. ഷാജു
29. ,, കടവൂർ ശിവദാസൻ
30. ,, കെ. സുധാകരൻ
31. ,, സി. എഫ്. തോമസ്
32. പ്രൊഫ. കെ. വി. തോമസ്
33. ശ്രീ. തമ്പാനൂർ രവി
34. ,, എൻ. ശക്തൻ
35. ,, വി. ഡി. സതീശൻ
36. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
37. ശ്രീ. തോമസ് ചാഴികാടൻ
38. ,, തോമസ് ഉണ്ണിയാടൻ
39. ,, എം. എ. വാഹീദ്
40. ,, കെ. സി. വേണുഗോപാൽ
41. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ — 21

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, ബിനോയ് വിശ്വം
4. ,, പി. സി. ജോർജ്
5. ,, എം. വി. ജയരാജൻ

6. ഡോ. കെ. സി. ജോസഫ്
7. ശ്രീ. എം. കുമാരൻ
8. ,, കെ. വി. കുഞ്ഞിരാമൻ
9. ,, കോവൂർ കുഞ്ഞുമോൻ
10. ,, വി. കെ. സി. മമ്മത്കോയ
11. ,, മത്തായി ചാക്കോ
12. ,, എ. സി. മൊയ്തീൻ
13. ,, സി. കെ. നാണു
14. ,, എം. പ്രകാശൻ മാസ്റ്റർ
15. ,, കെ. രാധാകൃഷ്ണൻ
16. ,, എൻ. രാജൻ
17. ,, കെ. പി. രാജേന്ദ്രൻ
18. ,, സാജു പോൾ
19. ,, എ. സി. ഷൺമുഖദാസ്
20. ,, പി. എസ്. സുപാൽ
21. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

അനുകൂലിക്കുന്നവർ.....41

പ്രതികൂലിക്കുന്നവർ.....21

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെ പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും (*തുടർച്ച*)

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. ബി. വിജയകുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly